# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




## മേയ് 2021

## സ്വർഗ്ഗാരോഹണ തിരുനാൾ മംഗളങ്ങൾ

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLV No.5 മേയ് 2021


| | | |
|---|---|---|
| സർക്കുലർ | - | 4 |
| കച്ചേരിക്കാര്യം | - | 11 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 15 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 24 |
| അജപാലനോത്തേജനവിഭാഗം | - | 25 |
| വിശ്വാസജീവിതപരിശീലനരംഗം | - | 28 |
| ചെറുപുഷ്പ മിഷൻലീഗ് | - | 34 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 36 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 37 |
| കുടുംബപ്രേഷിതത്വം | - | 40 |
| പിതൃവേദി | - | 42 |
| നസ്രാണി റിസേർച്ച് സെന്റർ | - | 43 |
| മേരി മാതാ മൈനർ സെമിനാരി | - | 44 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 45 |
| വൊക്കേഷൻ ബ്യൂറോ | - | 47 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 48 |
| സന്യസ്തർ | - | 51 |
| കെ.സി.എസ്.എൽ. | - | 57 |
| കത്തോലിക്കാ കോൺഗ്രസ് | - | 58 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 63 |
| ഡി.സി.എം.എസ്. | - | 64 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 66 |
| വിൻസെൻഷ്യൻ വേദി | - | 67 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധസമിതി | - | 68 |
| വിമല പബ്ലിക്കേഷൻസ് | - | 70 |
| Special Care Homes & Charitable institution | - | 71 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 72 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 74 |
| രൂപതാവാർത്തകൾ | - | 77 |
| Bishop's Engagements | - | 82 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No.5 മേയ് 2021

CL/No. 02/2021

# സർക്കുലർ
# മതബോധനഞായർ

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

പന്തക്കുസ്താതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയായ ഇന്ന് മതബോധനഞായറായി നാം ആചരിക്കുന്നു. പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയുംമേൽ എഴുന്നള്ളിവന്ന ജീവദായകനായ പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിൽ നിറഞ്ഞ് പുതിയ വിശ്വാസജീവിതപരിശീലനവർഷം നമുക്ക് ആരംഭിക്കാം.

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ കുടുംബമതബോധനം ഒരു അടിയന്തിര പ്രായോഗികതയായിരിക്കുകയാണല്ലോ. ഈ മഹാമാരി രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ 'നിങ്ങളുടെ വീടുകളെ സഭയാക്കുക' എന്ന വി. ജോൺ ക്രിസോസ്തോമിന്റെ വാക്കുകൾ ആദിമസഭാസമൂഹത്തെപ്പോലെ നമുക്കും ഹൃദയത്തിലേറ്റുവാങ്ങാം. ക്രൈസ്തവവിശ്വാസത്തിനും സുവിശേഷമൂല്യങ്ങൾക്കും വേരുപാകി വളരാൻ കുടുംബാന്തരീക്ഷത്തോളം പര്യാപ്തമായ ഒരു സംവിധാനവുമില്ല. "Stay Home, Stay Safe" എന്ന കോവിഡ് മന്ത്രം പ്രായോഗികമാക്കുവാൻ നിർബന്ധിതമാക്കപ്പെടുന്ന മതബോധനരംഗവും പ്രത്യാശയോടെ ഇന്ന് ഉറ്റുനോക്കുന്നത് കുടുംബങ്ങളെയാണ്. മാതാപിതാക്കളുടെ വിശ്വാസധാർമ്മിക ജീവിതം ഇനി മക്കൾക്ക് മതബോധനഗ്രന്ഥവും തിരുസ്സഭയ്ക്ക് മുതൽക്കൂട്ടും ആകേണ്ടിയിരിക്കുന്നു.

**മതബോധനം - ഉത്ഥിതനായ മിശിഹ ഭരമേല്പിച്ച ദൗത്യം**

അനുസ്യൂതമായ മതബോധനം ഈശോമിശിഹായുടെ

പ്രബോധന ദൗത്യത്തിലുള്ള പങ്കുചേരലാണ്. “ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ” (മത്താ 28:20) എന്ന തിരുമൊഴി നിവർത്തിതമാകാനനുവദിക്കാതെ തടഞ്ഞുവയ്ക്കാൻ ഏതു ശക്തിക്കാവും! “തീയും വിറകുമെടുത്താൽ മതി, ബലിക്കുഞ്ഞാടിനെ ദൈവം തരും” (ഉല്പ. 22:7) എന്ന് ഇസഹാക്കിൽ പ്രത്യാശ ജനിപ്പിച്ച പിതാവായ അബ്രാഹത്തിന്റെ വിശ്വാസമുള്ളവർക്കു മുമ്പിൽ സാധ്യതകൾ തുറക്കപ്പെടുന്നു. 'ദൈവത്തിനൊന്നും അസാദ്ധ്യമല്ല' എന്ന ദൈവദൂതന്റെ വാക്കുകളിൽ വിശ്വാസമർപ്പിച്ച് പ്രതിസന്ധികളുടെ നടുവിലും സമ്പൂർണ്ണമായ സമർപ്പണം നടത്തിയ പരിശുദ്ധ മറിയത്തിന്റെയും 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നുദ്ഘോഷിച്ചുകൊണ്ട് ഉത്ഥിതന്റെ മുമ്പിൽ വിശ്വാസം ഏറ്റുപറഞ്ഞ മാർതോമ്മാശ്ലീഹായുടെയും വിശ്വാസചൈതന്യം നമുക്കു മാർഗ്ഗദീപങ്ങളാകണം.

എല്ലാ ജനതകളെയും സുവിശേഷമറിയിക്കാൻ ശ്ലീഹന്മാരെ ചുമതലപ്പെടുത്തിയ മിശിഹായുടെ ദൗത്യമാണ് അവിടുത്തെ ശരീരമായ തിരുസ്സഭ ഇന്നും തുടരുന്നത്. മാമ്മോദീസാ സ്വീകരിച്ച ഏതൊരു വ്യക്തിയും സുവിശേഷപ്രഘോഷണത്തിനും മതബോധനത്തിനുമായി ചുമതലപ്പെടുത്തപ്പെടുന്നുണ്ട്. വിശ്വാസദാരിദ്ര്യമനുഭവിക്കുന്ന ഒരു തലമുറയുടെ ഉത്തരവാദികൾ വിശ്വാസം കൈമാറ്റം ചെയ്യാൻ ശ്രമിക്കാത്ത പിൻതലമുറ തന്നെയെന്നു നമ്മൾ മറക്കരുത്.

**കുടുംബമതബോധനവും മതബോധകരും**

കുടുംബകേന്ദ്രീകൃതമതബോധനത്തിൽ പ്രഥമാധ്യാപകർ എന്നും മാതാപിതാക്കൾ തന്നെ (*Catechesi Tradendae, 68*). ആർദ്ര

തയോടെ സുന്ദരമായി വിശ്വാസസത്യങ്ങൾ പകരാൻ മറ്റൊരു വേദിയും കുടുംബത്തോളം പര്യാപ്തമല്ല. മാതാപിതാക്കളുടെ സ്നേഹവും മൊഴികളും സാക്ഷ്യവും സാമീപ്യവും ദൈവിക ഭാവത്തെയും ദൈവികരഹസ്യങ്ങളെയും വ്യക്തമായിത്തന്നെ വെളിപ്പെടുത്തുന്ന മാധ്യമങ്ങളാണ്. വിവാഹമെന്ന കൂദാശയാണ് ഈ കൃപ അവർക്ക് നേടികൊടുക്കുന്നത് (General Directory for Catechesis 226).

ദൈവമുണ്ട് എന്ന് വിശ്വസിക്കുന്നതുകൊണ്ട് മാത്രം ഈ കാലഘട്ടത്തിന്റെ മക്കൾ ഉത്തമവിശ്വാസികളാവില്ല. വിശ്വസിക്കുന്ന സത്യത്തിനുവേണ്ടി തങ്ങളുടെ ജീവിതശൈലി ചിട്ടപ്പെടുത്തുന്ന മാതാപിതാക്കളുടെ മാതൃക, ദൈവസ്നേഹത്തെപ്രതി അവർ മൗനമായി സഹിക്കുന്ന ക്ലേശങ്ങൾ, അനുഷ്ഠിക്കുന്ന നോമ്പുകൾ, ഉപേക്ഷിക്കുന്ന തിന്മയുടെ പാതകൾ, സമർപ്പിക്കുന്ന പ്രാർത്ഥനകൾ, പുലർത്തുന്ന മനോഭാവങ്ങൾ, ചെയ്യുന്ന വിട്ടുവീഴ്ചകൾ... ഇവയെല്ലാം കുട്ടികളെ ആരോഗ്യകരവും ദൃഢവുമായ വിശ്വാസജീവിതത്തിലേയ്ക്കു നയിക്കും. കാരണം 'Values are caught than taught' എന്നാണല്ലോ പറയപ്പെടുന്നത്. തെറ്റേത്, ശരിയേത് എന്നറിയുവാൻ കുഞ്ഞുങ്ങൾ എന്നും ആഗ്രഹിക്കുന്നു. 'ഇന്നു ഞാൻ ഈശോയ്ക്കിഷ്ടപ്പെട്ടവളായിരുന്നോ?' എന്ന് ഉറങ്ങുംമുമ്പ് വി. കൊച്ചുത്രേസ്യാ അമ്മയോട് ചോദിച്ചിരുന്നു.

ഗാർഹികസഭയായ കുടുംബം ഒരു 'സൂക്ഷ്മസഭ' കൂടിയാണ്. ഓരോ കുട്ടിയുടെയും വാക്കുകളെയും പെരുമാറ്റത്തെയും പ്രതികരണങ്ങളെയും ചിന്തകളെപ്പോലും അപഗ്രഥിക്കുവാൻ മാതാപിതാക്കളെക്കാൾ മെച്ചപ്പെട്ടവരെ കണ്ടെത്തുക പ്രയാസമാണ്. തലതൊട്ടപ്പനും തലതൊട്ടമ്മയും കുടുംബാംഗങ്ങളും മതബോധകരുടെ പങ്കുനിർവ്വഹിക്കുവാൻ മാമ്മോദീസായിലൂടെ

യോഗ്യരാക്കപ്പെടുന്നവരും തൈലാഭിഷേകകൂദാശയിലൂടെ ശക്തരാക്കപ്പെടുന്നവരുമാണ്. ക്രിസ്തീയവിശ്വാസജീവിതപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർ വിശ്വാസവെളിച്ചം പകരുന്നവരാണ്, ഇരുട്ടിനെ അകറ്റി ഈശോ ആകുന്ന പ്രകാശത്തെ കുട്ടികളുടെ മനസ്സിൽ നിറയ്ക്കുന്നവരാണ്. എന്തു പഠിപ്പിക്കണമെന്നും എങ്ങനെ പഠിപ്പിക്കണമെന്നും അതിലുപരി എങ്ങനെ ജീവിക്കണമെന്നും അവർ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്.

**കുടുംബമതബോധനം : വെല്ലുവിളികൾ**

ഒരു ഉത്തമകുടുംബം സ്നേഹത്തിന്റെയും പരസ്പരവിശ്വാസത്തിന്റെയും ധാർമ്മികമൂല്യങ്ങളുടെയും വിളനിലമായിരിക്കും. ഈ വിളഭൂമി പാഴ്നിലമോ കളനിലമോ ആകാതെ കാക്കാൻ മാതാപിതാക്കൾ ഏറെ ജാഗ്രത പുലർത്തേണ്ട കാലം കൂടിയാണിത്. 'കൂടുമ്പോൾ ഇമ്പ'മില്ലാത്ത കുടുംബങ്ങൾ പുറത്തുനിന്നുള്ള ഇമ്പങ്ങൾക്ക് സ്വാഗതമേകുമ്പോൾ അവയിൽ പലതും കുടുംബമാകുന്ന 'വിളഭൂമിയെ' ഞെരുക്കുന്ന പാഴ്വിത്തുകളോ കളവിത്തുകളോ ആയിരിക്കും. കാരണം പുറത്തുള്ള ലോകം വിത്തുകളുമായി പടർന്നുകയറി കുടുംബത്തിന്റെ വേലി പൊളിക്കുന്ന കാഴ്ചയും ഇന്നിന് അന്യമല്ലല്ലോ.

'മനുഷ്യവംശത്തിന്റെ വിദ്യാലയം' എന്നുകൂടി വിശേഷിപ്പിക്കപ്പെടുന്ന കുടുംബം നേരിടുന്ന പ്രശ്നങ്ങൾ ദിനംതോറും കൂടുതൽ സങ്കീർണ്ണതയിലേക്കു പോവുകയാണ്. "ഒരു അവയവം വേദനിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു" (1 കോറി 12:26) എന്നുള്ള വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ കുടുംബങ്ങളുടെ പുന:നിർമ്മിതിയിൽ സഭാംഗങ്ങൾ ഓരോരുത്തർക്കുമുള്ള പങ്കുവ്യക്തമാക്കുന്നതാണ് (GS

1). കുടുംബങ്ങളുടെ മഹത്വത്തെയും സമാധാനത്തെയും ഭദ്രതയെയും തകർക്കുന്ന സാഹചര്യങ്ങളുടെ മുമ്പിൽ പ്രാർത്ഥനയും ജാഗ്രതയും പുലർത്തുവാൻ ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെടുന്നു. മാറിയ സാങ്കേതികവിദ്യയുടെയും ഓൺലൈൻ ക്ലാസുകളുടെയും അന്തരീക്ഷത്തിൽ കുട്ടികളുടെ മാനസികഘടനതന്നെ മാറിപ്പോയിരിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സാങ്കേതികത്വത്തെ സ്നേഹിക്കുന്ന ഇന്നിന്റെ തലമുറ നേരിട്ടുള്ള പ്രകൃതിദൃശ്യങ്ങളെക്കാൾ ക്യാമറക്കണ്ണുകൾ ഒപ്പിയെടുത്ത ചിത്രങ്ങൾ ആസ്വദിക്കുന്നു. മുഖാഭിമുഖമുള്ള സംഭാഷണത്തേക്കാൾ മൊബൈലും, ഇന്റർനെറ്റും ലഭ്യമാക്കുന്ന ആശയവിനിമയ രീതിയെ ഇഷ്ടപ്പെടുന്നു. "എല്ലാം അനുവദനീയമാണെങ്കിലും എല്ലാം പ്രയോജനകരമല്ല" (1 കോറി 6:12) എന്നതിനാൽ മാതാപിതാക്കളുടെ വിവേകവും വിവേചനശക്തിയും ഉപയോഗിക്കുന്നതിൽ മടിയോ താമസമോ ഇവിടെ ഉണ്ടാകരുത്. കോവിഡ് -19 വച്ചുനീട്ടിയ കെടുതികളേക്കാൾ അപരിഹാര്യമാവാം അത്.

മക്കളുടെ വിശ്വാസജീവിതത്തെപ്പറ്റിയുള്ള സഭാനേതൃത്വത്തിന്റെ കരുതൽ ബനഡിക്ട് പാപ്പായുടെ പ്രബോധനത്തിൽ നിഴലിക്കുന്നുണ്ട്. അദ്ദേഹം മക്കളോടു പറയുന്നു: മക്കളേ നിങ്ങൾ എന്തുവിശ്വസിക്കുന്നുവെന്ന് അറിഞ്ഞിരിക്കണം. ഒരു ഐ.ടി. സ്പെഷ്യലിസ്റ്റ് കമ്പ്യൂട്ടറിന്റെ ആന്തരികപ്രവർത്തനങ്ങൾ അറിയുന്നതു പോലെയുള്ള കൃത്യതയോടെ നിങ്ങളുടെ വിശ്വാസം നിങ്ങൾ അറിയണം... ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളും പ്രലോഭനങ്ങളും ശക്തിയോടും ദൃഢനിശ്ചയത്തോടും കൂടെ കൈകാര്യം ചെയ്യാൻ നിങ്ങൾക്ക് കഴിവുണ്ടാകേണ്ടതിനാണത്." (ഞാൻ വിശ്വസിക്കുന്നു: വിശ്വാസവർഷപഠനസഹായി).

'കുടുംബം പ്രഥമ മതബോധനാലയം' എന്ന ആദർശവാക്യത്തിലൂന്നി രൂപതാതലത്തിൽ പുതിയ വിശ്വാസജീവിത പരിശീലന വർഷത്തിന് തുടക്കം കുറിക്കുകയാണ്. കോവിഡ് കാലഘട്ടത്തിലെ കുടുംബമതബോധനത്തിൽ തിരുസഭാമാതാവ് പ്രത്യാശയോടെ ഉറ്റുനോക്കുന്നത് കുട്ടികളിലേയ്ക്കെന്നതിലുപരി മാതാപിതാക്കളിലേയ്ക്കാണ്. മാതാപിതാക്കളുടെ വിശ്വാസം ഇവിടെ സുപ്രധാനമാകുന്നു. വിശ്വാസമുണ്ടെങ്കിലേ വിശ്വാസത്തിന് സാക്ഷ്യം വഹിക്കാൻ കഴിയൂ. വിശ്വസിക്കുന്നവരെ വിശ്വാസപക്വതയിലേക്ക് നയിക്കുവാൻ ജീവിതസാക്ഷ്യത്തോളം ശക്തമായതൊന്നുമില്ല. കുട്ടികളെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർത്തുവാൻ (ലൂക്കാ 2:52) പര്യാപ്തമായ ബോധനഘട്ടങ്ങൾ അവരുടെ വളർച്ചയ്ക്കനുസരണം ക്രമപ്പെടുത്തുവാൻ, അനുസരണവും വിധേയത്വവും മൂല്യബോധവും മനഃസാക്ഷിരൂപീകരണവും തിരുസ്സഭാസ്നേഹവും പടിപടിയായി അവരിൽ സന്നിവേശിപ്പിക്കപ്പെടുവാൻ മാതാപിതാക്കൾ ബദ്ധശ്രദ്ധരാകണം.

ദൈവമായ കർത്താവിന്റെ അത്ഭുതപ്രവൃത്തികളെ കഥകളും ഗീതങ്ങളും മെനഞ്ഞ് തലമുറകൾക്ക് അഭംഗുരം കൈമാറിയ പഴയ ഇസ്രായേലിന്റെ കാരണവന്മാർക്കു സമാനം (പുറ. 12, 14-27) മതബോധനം ഗാർഹികസഭയിൽ എപ്പോൾ, എങ്ങനെ എന്നെല്ലാം തീരുമാനിക്കാനും ഗൗരവമായ മതബോധനപ്രക്രിയ ജീവിതശൈലിയാക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. രൂപതാ-ഇടവകതലങ്ങളിലൂടെ ലഭിക്കുന്ന ആരാധനക്രമ വിശ്വാസപരിശീലനത്തിൽ വളരാൻ കുടുംബങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. ക്രിസ്തീയ വിശ്വാസവും ധാർമ്മികതയും മറ്റു മതസ്ഥരിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നറിയാൻ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും യുവജനമ

തബോധനഗ്രന്ഥവും മറ്റ് സഭാപ്രബോധനങ്ങളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സായാഹ്നപ്രാർത്ഥനാവേളകളിലെ 15 മിനിറ്റെങ്കിലും മതബോധനത്തിനായി അനുദിനം മാറ്റിവയ്ക്കാനും സഭയെയും സഭാധികാരികളെയും കുറ്റംവിധിക്കാതെ വചനപഠനത്തിലും ആരാധനക്രമാധിഷ്ഠിതമായ വിശ്വാസപരിശീലനത്തിലും ശ്രദ്ധവച്ച് സഭയിലൂടെ കൈവന്ന നന്മകൾ കണ്ടെത്തുവാനും കുടുംബങ്ങൾക്ക് കഴിഞ്ഞാൽ ഈ കോവിഡ് കാലഘട്ടം വിശ്വാസികളുടെ ഒരു പുത്തൻതലമുറയെ സമ്മാനിക്കാതിരിക്കില്ല.

പ്രിയ മക്കളേ, പ്രതിസന്ധിയുടെ ഈ നാളുകളിലും വിശ്വാസപരിശീലനകാര്യങ്ങളിൽ ശ്രദ്ധചെലുത്തുവാനും കുടുംബ ആധ്യാത്മികത ചോർന്നുപോകാതെ പ്രാർത്ഥനയുടെ കൂട്ടായ്മയിൽ മുന്നേറുവാനും നിങ്ങൾ കാണിച്ച താല്പര്യത്തെ സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. കുട്ടികളുടെ വിശ്വാസപരിശീലനകാര്യങ്ങളിൽ വലിയ തീക്ഷ്ണതയോടെയും കരുതലോടെയും കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന വിശ്വാസപരിശീലനകേന്ദ്രത്തിനും രൂപതയിലെ എല്ലാ വൈദികർക്കും മതാദ്ധ്യാപകർക്കും അനുമോദനങ്ങൾ അറിയിക്കുന്നു. ദൈവവചനത്തിൽ നിന്നും കൂദാശകളാകുന്ന കൃപാവരത്തിന്റെ നീർച്ചാലുകളിൽ നിന്നും ശക്തി സംഭരിച്ചു മുന്നേറാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കർത്താവിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

NB : ഈ സർക്കുലർ 2021 മേയ് 30-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

## 1. വാർഷിക കണക്ക് അവതരണവും കൈക്കാരന്മാരെ തിരഞ്ഞെടുക്കലും ലോക്ക്ഡൗൺ സാഹചര്യത്തിൽ

സാധാരണ രീതിയിൽ പള്ളിയുടെ കണക്കുകൾ വാർഷികപൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയതിനുശേഷമാണ് രൂപതാ ഫൈനാൻസ് ഓഫീസിൽ ഓഡിറ്റിനായി കൊണ്ടുവരുന്നത്. എന്നാൽ കോവിഡ് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പൊതുയോഗം കൂടുവാൻ ഉടനെ സാധിക്കുകയില്ലല്ലോ. സെപ്റ്റംബറിൽ income tax return സമർപ്പിക്കുവാൻ എല്ലാ പള്ളികളും നിർബന്ധിതരാണ്. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും പൊതുയോഗത്തിലോ പ്രതിനിധിയോഗത്തിലോ അവതരിപ്പിക്കാതെ തന്നെ, ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധന നടത്തി അവരുടെ റിപ്പോർട്ടു സഹിതം കണക്കുകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതികളിൽ രൂപതാ ഫൈനാൻസ് ഓഫീസിൽ ഓഡിറ്റിനായി കൊണ്ടുവരേണ്ടതാണ്. എന്നിരുന്നാലും പ്രതിനിധിയോഗം/പൊതുയോഗം ഇവ കൂടുവാൻ സാഹചര്യം ഉണ്ടാകുമ്പോൾ കണക്കുകൾ യോഗത്തിൽ അവതരിപ്പിച്ച് ഇടവകാംഗങ്ങളെ കണക്കുകൾ ബോധ്യപ്പെടുത്തേണ്ടതാണ്.

പ്രതിനിധിയോഗം/പൊതുയോഗം ഇവ സമ്മേളിക്കുവാൻ സാഹചര്യമില്ലാത്തതിനാൽ കൈക്കാരന്മാർ, ഇന്റേണൽ ഓഡിറ്റർമാർ ഇവരെ തിരഞ്ഞെടുക്കുവാൻ ബുദ്ധിമുട്ടുണ്ടല്ലോ. ആയ

തിനാൽ അടുത്ത ആറുമാസത്തേയ്ക്ക് നിലവിലുള്ള കൈക്കാരന്മാർ തൽസ്ഥാനത്ത് തുടരുവാൻ അനുവദിക്കുന്നു. എന്നാൽ അതിനു മുൻപുതന്നെ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ മാറ്റിയാൽ പ്രതിനിധിയോഗം/പൊതുയോഗം ഇവ കൂടി പുതിയ കൈക്കാരന്മാരേയും ഇന്റേണൽ ഓഡിറ്റേഴ്സിനെയും തിരഞ്ഞെടുക്കേണ്ടതാണ്.

**2. ഒഴിവു നൽകൽ**

മുൻപ് അറിയിച്ചിരുന്നതുപോലെ വിവാഹം വിളിച്ചുചൊല്ലൽ (വിവാഹ അറിയിപ്പ്), മനസ്സമ്മതം ഒഴിവാക്കൽ എന്നിവയ്ക്ക് ഇടവകകളിൽനിന്നുതന്നെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് ഒഴിവുകൾ നൽകാവുന്നതാണ്. എന്നാൽ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മുൻകൂട്ടി അരമനപത്രത്തിൽ അപേക്ഷ വാങ്ങി ഇടവക ദൈവാലയത്തിൽ സൂക്ഷിക്കേണ്ടതും പ്രസ്തുതവിവരം രൂപതാക്കച്ചേരിയിൽ ഏറ്റവും ബഹുമാനപ്പെട്ട ചാൻസലർ/വൈസ് ചാൻസലർ അച്ചനെ ഫോണിലൂടെ അറിയിച്ച് അനുവാദം വാങ്ങേണ്ടതുമാണ്.

**3. രൂപതാദിനം 2021 മേയ് 12**

രൂപതാദിനം മേയ് 12 -ാം തീയതി സമുചിതമായി ആഘോഷിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**4. വൈദികസമ്മേളനം**

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ രൂപതാവൈദികസമ്മേളനം മെയ് 12-ാം തീയതി രാവിലെ 11.30 ന് ഓൺലൈനായി നടത്തുന്നതാണ്. എല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുവാനുള്ള Zoom ഓൺലൈൻ ലിങ്ക് വാട്സ്ആപ്പിൽ അയച്ചു നൽകുന്നതാണ്.

**5. സ്വർഗ്ഗാരോഹണ തിരുനാൾ - മേയ് 13**

നമ്മുടെ കർത്താവ് ഈശോമിശിഹായുടെ സ്വർഗ്ഗാരോഹണ തിരുനാൾ മേയ് 13-ാം തീയതി സമുചിതമായി ആഘോഷിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

**6. മതബോധനഞായർ**

പെന്തക്കുസ്താത്തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച 2021 മെയ് 30-ാം തീയതിയാണ് ഈ വർഷം നാം മതബോധനഞായറായി ആചരിക്കുന്നത്. കോവിഡ് മാനദണ്ഡമനുസരിച്ച് ഈ ദിവസം സമുചിതമായി ആചരിക്കുവാൻ ബഹു. വികാരിയച്ചന്മാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അന്നത്തെ സ്തോത്രക്കാഴ്ച രൂപതാ വിശ്വാസജീവിത പരിശീലനപ്രവർത്തനങ്ങൾക്ക് നല്കുന്നതിനാൽ തുക ജൂൺ 30-ാം തീയതിക്കകം രൂപതാ ഫൈനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**7. സന്യാസിനീ-സന്യാസാർത്ഥികൾക്കുള്ള NOC ലഭിക്കുവാൻ**

രൂപതയ്ക്ക് പുറത്തുള്ള സന്യാസിനി സന്യാസ സമൂഹങ്ങളിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപതാകച്ചേരിയിൽനിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) വാങ്ങിയിരിക്കണം. ഈ സർട്ടിഫിക്കറ്റ് വാങ്ങുവാൻ വരുമ്പോൾ താഴെപ്പറയുന്ന രേഖകൾ കൊണ്ടുവരേണ്ടതാണ്. **ബഹു. വികാരിയച്ചന്റെ ശുപാർശക്കത്ത്, ചേരുവാൻ ഉദ്ദേശിക്കുന്ന സന്ന്യാസസമൂഹത്തിന്റെ അനുമതിപത്രം, മാമ്മോദീസാ-സ്ഥൈര്യലേപന സർട്ടിഫിക്കറ്റുകൾ**. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 8. F.C.C. സിസ്റ്റേഴ്സിനു നന്ദി

കഴിഞ്ഞ മൂന്നു വർഷക്കാലം രൂപതാകേന്ദ്രത്തിൽ നിസ്തുല സേവനം ചെയ്ത ബഹു. സി. ഷാന്റി മരിയ, സി. സിൻസി മരിയ, സി. ലിൻസ ഞള്ളാനിയിൽ, സി. ജോ മരിയ എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ നന്ദി രേഖപ്പെടുത്തുന്നു.

### 9. SCJG (St. John of God) സിസ്റ്റേഴ്സിനു സ്വാഗതം

അടുത്ത മൂന്നു വർഷക്കാലത്തേക്കു രൂപതാകേന്ദ്രത്തിൽ ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ബഹു. സി. ലിൻസി, സി. ലിസ്ബി എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോർജ് പൊന്നെടുത്തകല്ലേൽ
(15.07.1906 – 07.05.1985)



റവ. ഫാ. ജോസഫ് വീട്ടുവേലിക്കുന്നേൽ
(21.12.1905 – 11.05.1984)



റവ. ഫാ. ആന്റണി നെടിയകാലാപറമ്പിൽ
(17.08.1938 – 01.05.2019)

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

# വിളിയിലും വിശ്വാസത്തിലും സ്ഥിരത

## (തിരുവചനഭാഗം: 2 പത്രോ 2,1-22)

വിശ്വാസികളെ തങ്ങളുടെ വിളിയിലും വിശ്വാസത്തിലും ഉറപ്പിക്കുന്നതിനു നല്കുന്ന ഉപദേശവും, വ്യാജപ്രബോധകർക്കെതിരെ ജാഗരൂകത പാലിക്കേണ്ടതിന്റെ ആവശ്യകതയുമാണ് ഈ അദ്ധ്യായത്തിന്റെ പ്രതിപാദനവിഷയം. അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. വ്യാജപ്രബോധകരെ സൂക്ഷിക്കുക (2,1-3)
2. നീതിപൂർവ്വകമായ വിധി (2,4-9)
3. തെറ്റായ പെരുമാറ്റശൈലി (2,10-14)
4. ഫലരഹിതമായ പ്രവർത്തനം (2,15-19)
5. വിശ്വാസത്യാഗികളുടെ നാശം (2,20-22)

വിശ്വാസികളുടെ സമൂഹമായ സഭയുടെ സമൂഹങ്ങൾക്ക് നേതൃത്വം നല്കുന്ന പുരോഹിതർക്ക് ഈ വചനഭാഗം നല്കുന്ന സന്ദേശങ്ങൾ ധ്യാനവിഷയമാക്കാം.

### 1. വ്യാജപ്രബോധകരെ സൂക്ഷിക്കുക

"*ഇസ്രായേൽ ജനങ്ങൾക്കിടയിൽ വ്യാജപ്രവാചകന്മാരുണ്ടായിരുന്നു. അതുപോലെ, തങ്ങളുടെമേൽ ശീഘ്രനാശം വരുത്തിവയ്ക്കുന്ന*

*വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെയിടയിലും ഉണ്ടാകും. അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും തങ്ങളെ വിലകൊടുത്തു വാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗ്ഗത്തെ അനുഗമിക്കും. അങ്ങനെ അവർമൂലം സത്യത്തിന്റെ മാർഗ്ഗം നിന്ദിക്കപ്പെടും. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞു നിങ്ങളെ അവർ ചൂഷണം ചെയ്യും. നേരത്തെതന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന അവരുടെ ശിക്ഷാവിധിക്കു കാലവിളംബം വരുകയില്ല. വിനാശം കണ്ണുതുറന്ന് അവരെ കാത്തിരിക്കുകയും ചെയ്യുന്നു"* (2,1-3).

പഴയനിയമദൈവജനത്തിന്റെ ചരിത്രത്തിൽ ദൈവത്തിന്റെ പ്രവാചകരോടൊപ്പം വ്യാജപ്രവാചകരുമുണ്ടായിരുന്നു (നിയ 13,1-5; ജറെ 5,31). പഴയനിയമപ്രവചനത്തിന്റെ തുടർച്ചയും പൂർത്തീകരണവും മിശിഹായിലും അവിടുന്നു ഭരമേല്പിച്ച ശ്ലീഹന്മാരിലൂടെയുമാണ് ഇന്നു സഭയ്ക്കു ലഭിക്കുക. അവ സത്യവും അവയുടെ അനുസരണം വ്യക്തികൾക്കും ലോകത്തിനു മുഴുവൻ നന്മയ്ക്കു നിദാനവുമാണ്. എന്നാൽ വ്യാജപ്രവാചകരുടെ വചനങ്ങൾ ശീഘ്രനാശം വരുത്തിവയ്ക്കുന്നതും, വിനാശകരമായ അഭിപ്രായങ്ങളും, തങ്ങളെ സ്വന്തം ജീവൻ വില കൊടുത്തുവാങ്ങിയ നാഥനെപ്പോലും നിഷേധിക്കുന്നതുമാണ്. വ്യാജപ്രബോധകർ തങ്ങളുടെ അഭിപ്രായങ്ങൾക്കും തങ്ങൾക്കുണ്ടായേക്കാവുന്ന നേട്ടങ്ങൾക്കും അനുസരിച്ചുള്ള പ്രബോധനമാണ് നല്കുക. അതിനാൽ അത് താല്ക്കാലികമായ നന്മ ഉളവാക്കിയാലും പിന്നീട് അവർക്കെന്നതുപോലെ ഏവർക്കും നാശകരമായി ഭവിക്കും.

ഈശോമിശിഹായെക്കുറിച്ചുള്ള പൂർണ്ണമായ അറിവു പകരുക എന്നതോ, അങ്ങനെ എല്ലാവരിലും കൃപയും സമാധാനവും വർദ്ധിക്കാനിടയാകുക എന്നതോ അല്ല അവരുടെ ലക്ഷ്യം. മറിച്ച് അത്യാഗ്രഹമാണ് അവരുടെ പ്രബോധനങ്ങളുടെ പ്രേരകശക്തി. അത്യാഗ്രഹം എന്നുവച്ചാൽ, കൂടുതൽ കൂടുതൽ സ്വന്തമാക്കാനുള്ള ആഗ്രഹം എന്നാണർത്ഥം. വിവിധ തരത്തിലുള്ള പാപകരമായ ആഗ്ര

ഹപൂർത്തിയാണ് അവരുടെ ലക്ഷ്യം. അതായത് ദൈവികനിയമത്തിന്റെ ഇടുങ്ങിയ വഴിയിൽനിന്നുമാറി വിശാലമായ തന്നിഷ്ടത്തിന്റെ വഴിതേടുന്ന ആകർഷത്വവും അവരുടെ പ്രബോധനത്തിനുണ്ടാകാം. അതുകൊണ്ട് അതിനെതിരെ ജാഗരൂകത പുലർത്തണം. ഇന്നു സഭയിൽ ഇപ്രകാരമുള്ള സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. കത്തോലിക്കാ സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന ബൈബിൾ പ്രബോധനങ്ങൾ, സഭാസ്നേഹത്തിൽനിന്നും അകറ്റുന്ന മാനുഷികവും ലൗകികവുമായ നേട്ടങ്ങൾ തുടങ്ങിയവ പലരുടെയും വിശ്വാസജീവിതത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. അജപാലകരായ പുരോഹിതർ ഇതിനെതിരെ ജാഗ്രത പുലർത്തണം. സഭയുടെ ശ്ലൈഹിക ആധികാരികതയുള്ള പ്രബോധനത്തിൽ അജഗണങ്ങൾ നിലനില്ക്കുന്നു എന്നുറപ്പു വരുത്തുവാൻ തക്കവിധം വിശ്വാസപരിശീലനം നല്കുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം.

**2. നീതിപൂർവ്വകമായ വിധി**

"*പാപം ചെയ്ത ദൂതന്മാരെ ദൈവം വെറുതേവിട്ടില്ല. വിധിദിനം വരെ സൂക്ഷിക്കുന്നതിനായി അവരെ അവിടുന്നു നരകത്തിലെ ഇരുൾക്കുഴികളിലേക്കു തള്ളിവിട്ടു. ... ദൈവഭയമുള്ളവരെ പരീക്ഷകളിൽനിന്ന് എങ്ങനെ രക്ഷിക്കണമെന്നും അനീതി പ്രവർത്തിക്കുന്നവരെ വിധിദിനംവരെ എങ്ങനെ ശിക്ഷാവിധേയരാക്കി സൂക്ഷിക്കണമെന്നും കർത്താവ് അറിയുന്നു*" (2,4.9).

വ്യാജപ്രവാചകരുടെ നാശത്തെക്കുറിച്ച് സംഗ്രഹമായി നല്കിയിരിക്കുന്ന മൂന്നാം വാക്യത്തിന്റെ വിശദീകരണമാണ് ഈ ഭാഗത്തു നാം കാണുന്നത്. രക്ഷയുടെയും ശിക്ഷയുടെയും മൂന്ന് ഉദാഹരണങ്ങളാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പാപം ചെയ്ത ദൂതന്മാർ (2,4), നോഹയുടെ കാലത്തെ ദുഷ്ടർ (2,5), സോദോം ഗോമോറായിലെ ശിക്ഷാവിധി (2,6-8) എന്നിവയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ദൈവത്തെ ധിക്കരിക്കുന്നവർക്ക്, അതാരുതന്നെയായാലും ശിക്ഷാവിധിയുണ്ടാകും എന്നാണ് പാപം ചെയ്ത ദൂതന്മാരുടെ സംഭവം അനുസ്മരിപ്പിക്കുന്നത്. വ്യാജപ്രബോധകരുടെ പിന്നാലെ

അനേകർ പോകുമ്പോൾ, വിശ്വസ്തരായി നിലനില്ക്കുക എന്നത് വിശ്വാസികൾക്കു പരീക്ഷണഘട്ടമാണ്. എങ്കിലും നോഹയെപ്പോലെ, ഒരാളുടെ വിശ്വസ്തത അനേകർക്കു രക്ഷയ്ക്കു കാരണമായി എന്ന് നോഹയുടെ ഉദാഹരണം സൂചിപ്പിക്കുന്നു. സോദോം ഗോമോറാ പ്രദേശങ്ങളെ നശിപ്പിക്കുമ്പോഴും നന്മയുടെ കണികയെ ദൈവം അവശേഷിപ്പിക്കുന്നു എന്നത് അവിടുത്തെ കരുണയാണ്.

ശിക്ഷാവിധിയുടെ ലക്ഷ്യം നാശമല്ല, നന്മയാണ്. നന്മയുള്ളവരെ കാത്തുസൂക്ഷിക്കുന്ന ദൈവം, ഭൂമിയിൽനിന്നു നന്മ ഒഴിവാക്കുകയില്ല. നന്മയുടെ തിരഞ്ഞെടുക്കൽ ദൈവികപദ്ധതിയുടെ ഭാഗമാണ്. ഇസ്രായേൽ ചരിത്രത്തിൽ കാണുന്ന ദൈവിക തിരഞ്ഞെടുപ്പുകൾ നമ്മുടെ തിരഞ്ഞെടുപ്പുകൾക്കും മാതൃകയാണ്. നന്മയായിട്ടുള്ളതു തിരഞ്ഞെടുക്കുകയും സ്വന്തമാക്കുകയും വളർത്തുകയും ചെയ്യുക ദൈവികപദ്ധതിയോടു സഹകരിക്കുകതന്നെയാണ്. പഴയനിയമത്തിൽ തെറ്റിനെതുടർന്ന് ഉടനെതന്നെ ശിക്ഷാവിധി കാണപ്പെടുന്നുണ്ട്. ഗോതമ്പിനോടൊപ്പം കളകളെയും വളരാനനുവദിക്കുന്ന പുതിയനിയമപ്രബോധനം (മത്താ 13,24-30) അന്ത്യാത്മകമായ ഈ ശിക്ഷാവിധിയെ സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട് ഈ അന്ത്യാത്മകമായ വിധിയിൽ വിശ്വസിച്ചുകൊണ്ട് വിശ്വാസത്തിൽ വിശ്വസ്തതയോടെ നിലകൊള്ളുവാൻ നമുക്കു കഴിയണം. മിശിഹായുടെ രണ്ടാമാഗമനത്തിലും അന്ത്യവിധിയിലുമുള്ള വിശ്വാസം ക്രൈസ്തവവിശ്വാസത്തിന്റെ അന്തഃസത്തയാണല്ലോ. അതിനു കോട്ടംവരാതെ സത്യവിശ്വാസത്തിൽ നിലനില്ക്കുവാനും അജഗണങ്ങളെ നിലനിർത്തുവാനും അജപാലകർ ജാഗരൂകതയോടെ വർത്തിക്കണം.

**3. തെറ്റായ പെരുമാറ്റശൈലി**

*"... പ്രത്യേകിച്ച്, മ്ലേച്ഛമായ അഭിലാഷങ്ങൾക്ക് അടിമപ്പെടുന്നവരെയും അധികാരത്തെ നിന്ദിക്കുന്നവരെയും. മഹിമയണിഞ്ഞവരെ ദുഷിക്കാൻപോലും മടിക്കാത്തവരാണ് അവർ. ബലത്തിലും ശക്തിയിലും അവരെക്കാൾ വലിയവരായ ദൂതന്മാർപോലും, കർത്താവിന്റെ സന്നിധിയിൽ അവർക്ക് എതിരായി അവമാനകരമായ വിധി പറയു*

*ന്നില്ല. കൊല്ലപ്പെടുന്നതിനു മാത്രമായി സൃഷ്ടിക്കപ്പെട്ട, സഹജവാസനയാൽ നയിക്കപ്പെടുന്ന, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെയാണവർ. തങ്ങൾക്കജ്ഞാതമായ കാര്യങ്ങളെക്കുറിച്ച് അവർ ദൂഷണം പറയുന്നു. മൃഗങ്ങളുടെ നാശംതന്നെ അവർക്കും വന്നുകൂടും"* (2,10-12).

വ്യാജപ്രബോധകരുടെ ഹീനസ്വഭാവത്തെപ്പറ്റിയാണ് ഇവിടെ പറയുന്നത്. അഭിലഷണീയമല്ലാത്ത മോഹങ്ങളുടെ അടിമകളും മറ്റുള്ളവർക്കു പ്രലോഭനഹേതുക്കളുമായ അവരുടെ ജീവിതത്തിന്റെ വ്യർത്ഥതയെ ചിത്രീകരിച്ചുകൊണ്ട് അവരിൽനിന്ന് ഒഴിഞ്ഞുമാറാൻ വിശ്വാസികൾക്കു മുന്നറിയിപ്പു നല്കുകയാണിവിടെ. "മഹിമയണിഞ്ഞവരെ ദുഷിക്കാൻപോലും മടിക്കാത്തവരാണ് അവർ" എന്നു പറയുന്നത്, സഭയുടെ ന്യായമായ ശ്ലൈഹികാധികാരത്തെയും പ്രബോധനത്തെയും മാനിക്കാതെ അവരെ വിമർശിക്കുകയും അവരുടെ പ്രബോധനത്തിനു വിരുദ്ധമായി പഠിപ്പിക്കുകയും ചെയ്യുന്നതിനെയാണ് അർത്ഥമാക്കുന്നത്. യൂദാസിന്റെ ലേഖനത്തിൽ "അധികാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നവരാണ്" വ്യാജോപദേഷ്ടാക്കൾ എന്ന കുറ്റപ്പെടുത്തൽ കാണുന്നുണ്ട് (1,8). വ്യാജപ്രബോധകർ തെറ്റുപഠിപ്പിക്കുന്നവർ മാത്രമല്ല, ദുഷ്ടസ്വഭാവമുള്ളവരുമാണെന്ന് ഇതു വ്യക്തമാക്കുന്നു.

ദൈവത്തെയോ മനുഷ്യരെയോ മാനിക്കാത്ത തന്നിഷ്ടത്തിന്റെ വഴി (അസേൽഗെയിയാ) തേടുന്നവർ, സഹജവാസനയാൽ പോഷിപ്പിക്കപ്പെടുമ്പോൾ, മ്ലേച്ഛമായ അഭിലാഷങ്ങൾക്കു വശപ്പെടുന്നു. ജന്മവാസനയാൽ നയിക്കപ്പെടുന്നതുകൊണ്ടും, മാത്രമല്ല നാശത്തിലൊടുങ്ങുന്നതുകൊണ്ടും അവർ മൃഗങ്ങൾക്കു തുല്യരാണെന്നാണ് ലേഖനകർത്താവിന്റെ അഭിപ്രായം. ഏതു വഴി തിരഞ്ഞെടുക്കണം എന്നുള്ള വിവേചനമോ തീരുമാനമോ ഇല്ലാത്ത ദുഷ്ടർ, മൃഗങ്ങളെപ്പോലെ, ജന്മവാസനയാൽ നയിക്കപ്പെടുമ്പോൾ മൃഗങ്ങളിൽനിന്ന് അവർ വ്യത്യസ്തരായിരിക്കുന്നത് അവരുടെ ദുഷ്ടതയിൽമാത്രമാണ്. സ്വാർത്ഥപൂർത്തീകരണത്തിനായി ഏതു ദുഷ്ടതയും ചെയ്യാൻ മടിയില്ലാത്ത

വരാണവർ. വ്യാജപ്രവാചകരുടെ സ്വഭാവവും അവരുടെ നാശവും വ്യക്തമാക്കുന്ന ഈ വിശദീകരണം വിശ്വാസികൾക്ക് അവരിൽനിന്നു മാറിനില്ക്കാനുള്ള അതിശക്തമായ താക്കീതാണ്. ഏതു വിധേനയും സഭാംഗങ്ങളെ അവരുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാനുള്ള ലവ് ജിഹാദ് പോലുള്ള ശ്രമങ്ങൾ നടക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. ഇപ്രകാരമുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് അവയെ വേണ്ടവിധത്തിൽ നേരിടുവാൻ സഭാംഗങ്ങളെ സജ്ജരാക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**4. ഫലരഹിതമായ പ്രവർത്തനം**

*"അവർ വെള്ളമില്ലാത്ത അരുവികളും കൊടുങ്കാറ്റിനാൽ തുരത്തപ്പെടുന്ന മൂടൽമഞ്ഞുമാണ്. അവർക്കായി അന്ധകാരത്തിന്റെ അധോലോകം കരുതിവയ്ക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, തെറ്റിൽ ജീവിക്കുന്നവരിൽനിന്നു കഷ്ടിച്ചു രക്ഷപ്രാപിച്ചവരെ, വ്യർത്ഥമായ വാക്ധോരണികൊണ്ടു വിഷയാസക്തമായ ദുർവിചാരങ്ങളിലേക്ക് അവർ പ്രലോഭിപ്പിക്കുന്നു. മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന അവർ തന്നെ നാശത്തിന്റെ അടിമകളാണ്. കാരണം, ഏതിനാൽ ഒരുവൻ തോല്പിക്കപ്പെടുന്നുവോ അതിന്റെ അടിമയാണവൻ"* (2,17-19).

ഈ ഭാഗത്ത് വ്യാജപ്രവാചകരെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങളെല്ലാം നാശത്തെ സൂചിപ്പിക്കുന്നവയാണ്. "വെള്ളമില്ലാത്ത അരുവി", "കൊടുങ്കാറ്റിനാൽ തുരത്തപ്പെടുന്ന മൂടൽമഞ്ഞ്", "അന്ധകാരത്തിന്റെ അധോലോകം" എന്നിവപോലെ ഇല്ലായ്മയാണ് അവരുടെ ജീവിതം. അവയെല്ലാം നിരാശാജനകമാണ്. അതുപോലെ നാശകാരണവും വ്യർത്ഥവുമായ വാക്ധോരണിയാണവരിൽനിന്നു വരുന്നത്. ഈ വാക്ധോരണിയിൽ മയങ്ങുന്നവർ വിശ്വാസത്തിൽ ഉറച്ചവരല്ല, മറിച്ച് തെറ്റായ ജീവിതത്തിൽനിന്നു കഷ്ടിച്ചു രക്ഷപെട്ടവരാണ്, ബലഹീനരാണ്. അതുകൊണ്ട് വ്യാജപ്രവാചകർക്ക് അവരെ എളുപ്പത്തിൽ നാശത്തിലേക്കു വശീകരിക്കുവാൻ കഴിയും. സ്വാതന്ത്ര്യത്തെക്കുറിച്ചും അടിമത്തത്തെക്കുറിച്ചും

അവർ സംസാരിക്കുന്നു (2,19). ദുഷിച്ച മാർഗ്ഗത്തിലൂടെ നടക്കുന്ന വ്യാജപ്രവാചകർ നാശത്തിലവസാനിക്കുമെന്നുറപ്പായിരിക്കെ, അവർ മറ്റുള്ളവർക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു എന്ന വൈരുദ്ധ്യവും ഇവിടെ കാണുന്നുണ്ട്. ശരിയായ ക്രിസ്തീയസ്വാതന്ത്ര്യം വചനാധിഷ്ഠിതജീവിതം നയിക്കുന്നതിലാണ്. സ്വാഭീഷ്ടമനുസരിച്ചു ജീവിക്കുന്നവർ യഥാർത്ഥത്തിൽ അടിമത്തത്തിലാണ്: "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്" (യോഹ 8,34).

'സ്വാതന്ത്ര്യം' (എലവുത്തേരിയ) എന്ന പദം പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ കൂടെക്കൂടെ കാണുന്ന ഒന്നാണ്. "സ്വാതന്ത്ര്യത്തിലേക്കു മിശിഹാ നമ്മെ മോചിപ്പിച്ചു" (ഗലാ 5,1) എന്നും "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നു മാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സ്നേഹിക്കുവിൻ" (ഗലാ 5,13) എന്നും ശ്ലീഹാ ഉത്ബോധിപ്പിക്കുന്നുണ്ട്. വ്യാജപ്രവാചകന്മാർ വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യം അധാർമ്മികതയ്ക്കുള്ള സ്വാതന്ത്ര്യമാണ്. വിശ്വാസികൾ സ്വന്തമാക്കേണ്ടത് പരിശുദ്ധാത്മാവു നല്കുന്ന സ്നേഹശുശ്രൂഷയുടെ സ്വാതന്ത്ര്യമാണ്. ഇന്ന് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളും സഭാംഗങ്ങളുടെയിടയിൽ പ്രബലമായിട്ടുണ്ട്. പ്രത്യേകിച്ച് യുവതലമുറകളെ ഇക്കാര്യത്തിൽ ശരിയായി പ്രബോധിപ്പിക്കേണ്ടതുണ്ട്. അപ്രകാരം ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം അനുഭവിക്കുന്ന സമൂഹമായി അജഗണങ്ങളെ വളർത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

### 5. വിശ്വാസത്യാഗികളുടെ നാശം

"*നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള അറിവുമൂലം അവർ ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചതിനുശേഷം, വീണ്ടും അവയിൽ കുരുങ്ങുകയും അവയാൽ തോല്പിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ, അവരുടെ അന്ത്യസ്ഥിതി ആദ്യത്തേതിനെക്കാൾ മോശമായിരിക്കും. കാരണം, തങ്ങൾക്കു ലഭിച്ച വിശുദ്ധകല്പനയെക്കുറിച്ച് അറിഞ്ഞിട്ട്*

*അതിൽനിന്നു പിന്മാറുന്നതിനെക്കാൾ അവർക്കു നല്ലത് നീതിയുടെ വഴിയെക്കുറിച്ച് അറിയാതിരിക്കുകയായിരുന്നു. നായ ഛർദ്ദിച്ചതുതന്നെ വീണ്ടും ഭക്ഷിക്കുന്നു. കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു എന്ന പഴമൊഴി അവരെ സംബന്ധിച്ചു ശരിയാണ്*" (2,20-22).

ലോകത്തിന്റെ മാലിന്യങ്ങളിൽനിന്നു രക്ഷപ്രാപിച്ചവർ വീണ്ടും അവയിൽ കുരുങ്ങിയാൽ രക്ഷ അസാദ്ധ്യമാണെന്നാണ് പത്രോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നത്. അവർ കഷ്ടിച്ചു രക്ഷപെട്ടവർ (2,18) ആയതുകൊണ്ട് രണ്ടാമതൊന്നുകൂടി ലോകത്തിന്റെ മാലിന്യത്തിൽ നിപതിച്ചാൽ രക്ഷപെടുക കൂടുതൽ വിഷമകരമാണ്; ഒരുപക്ഷേ അസാദ്ധ്യവുമാകാം. "ലോകത്തിന്റെ മാലിന്യം" എന്നത് വ്യാജപ്രവാചകരെയോ അവരുടെ പ്രബോധനത്തെയോ ആകാം സൂചിപ്പിക്കുന്നത്. "തങ്ങൾക്കു ലഭിച്ച വിശുദ്ധ കല്പനയെക്കുറിച്ച് അറിഞ്ഞിട്ട്" എന്നും പറയുന്നതുകൊണ്ട്, വിശ്വാസികളാണ് വ്യാജപ്രബോധകരുടെ വചനങ്ങൾ കേട്ടു വിശ്വാസത്യാഗത്തിനു മുതിരുന്നതെന്നും, അവരുടെ കുറ്റം കൂടുതൽ ഗൗരവതരമാണെന്നും ഇവിടെ സൂചനയുണ്ട്. മിശിഹായുടെ മഹത്ത്വത്തിലേക്കും ഔന്നത്യത്തിലേക്കും വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. മാമ്മോദീസായിലൂടെ ലഭിച്ച ക്രിസ്തീയവിശ്വാസം അതിന്റെ തനിമയിൽ ജീവിക്കുന്നവർക്കേ ഈ മഹത്ത്വത്തിൽ പങ്കുചേരാനാവൂ.

"നായ ഛർദ്ദിച്ചതുതന്നെ വീണ്ടും ഭക്ഷിക്കുന്നു" എന്നും "കുളിച്ച പന്നി ചെളിക്കുണ്ടിൽ വീണ്ടും ഉരുളുന്നു" എന്നുമുള്ള പഴമൊഴി ഉദ്ധരിച്ചുകൊണ്ടാണ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്. വ്യാജപ്രബോധകരുടെ കെണിയിൽപെടുന്നവരെയാണ് ഇതു സൂചിപ്പിക്കുന്നത്. വിശ്വാസസ്വീകരണത്തിലൂടെ വിശുദ്ധമായ ജീവിതത്തിലേക്കു കടന്നുവന്നവർ, വിശ്വാസത്യാഗികളായി, വീണ്ടും അശുദ്ധിയിലേക്കു പോകുന്നതിനെയാണ് ഈ പ്രസ്താവന സൂചിപ്പിക്കുന്നത്. വ്യാജപ്രബോധകർ പ്രധാനമായും ക്രിസ്തീയജീവിതത്തിനു സഹജമായ വിശുദ്ധിയെയാണ് അവരുടെ പ്രബോധനംകൊണ്ട് നശിപ്പിക്കുന്നത്. വിശുദ്ധിയുടെ അരൂപിയിലുള്ള ജനനത്തിലൂടെയും ജീവിതത്തിലൂടെയും വിശുദ്ധരുടെ കൂട്ടായ്മയായിത്തീർന്ന സഭാമക്കൾ ആ

വിശുദ്ധിയിൽ അഭംഗം ജീവിക്കണമെന്നാണ് ഇതിലൂടെ നല്കപ്പെടുന്ന ആഹ്വാനം. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നു പഠിപ്പിക്കുന്നവരും, വിശുദ്ധിയിൽ വളരാൻ വിശ്വാസികളെ കൈപിടിച്ചു നടത്തേണ്ടവരുമായ പുരോഹിതർ വിശ്വാസജീവിതത്തിലും വിശുദ്ധിയിലും ജീവിച്ച് വിശ്വാസികൾക്ക് മാതൃക നല്കുവാൻ പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

**ജീവിതസൂചിക**

1. സഭയുടെ ശ്ലൈഹികപ്രബോധനത്തിൽ വിശ്വാസികളെ ഉറപ്പിക്കുവാൻ ഞാൻ എങ്ങനെയെല്ലാം പരിശ്രമിക്കുന്നു?
2. അന്ത്യവിധിയെ മുന്നിൽ കണ്ട്, നന്മതിന്മകളെ വിവേചിച്ചറിഞ്ഞ്, നന്മ ചെയ്തുകൊണ്ടു ജീവിക്കുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?
3. വ്യാജപ്രബോധകരുടെ സാന്നിദ്ധ്യം തിരിച്ചറിയുവാനും അവരുടെ കെണികളിൽ പെടാതിരിക്കുവാനും ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
4. യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ക്രിസ്തീയകാഴ്ചപ്പാടിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. ജനങ്ങളുടെ വിശ്വാസം ആഴപ്പെടുത്തുവാനും വിശുദ്ധിയിൽ അവരെ വളർത്തുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 12,000/- |
| സാന്തോം എസ്റ്റേറ്റ് വണ്ടൻമേട് | 4,00,000/- |
| റവ. ഫാ. ബെന്നി കൊടിമരത്തുംമൂട്ടിൽ | 8,000/- |
| റവ. ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ | 10,000/- |

**P.W.A. Office bearers for the years 2021-2023**

1. വെരി. റവ. ഫാ. ജോസ് മാത്യു പറപ്പള്ളിൽ (പ്രസിഡന്റ്)
2. റവ. ഫാ. ജോൺ വെട്ടുവയലിൽ
3. റവ. ഫാ. ജോസഫ് കുഴിക്കാട്ട്
4. റവ. ഫാ. ജോസഫ് പൊങ്ങന്താനം
5. വെരി. റവ. ഫാ. തോമസ് നല്ലൂർകാലായിപ്പറമ്പിൽ
6. റവ. ഫാ. പ്രസാദ് കൊണ്ടൂപ്പറമ്പിൽ
7. റവ. ഫാ. ഡോമിനിക്ക് മണ്ണിപ്പറമ്പിൽ (സെക്രട്ടറി)

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശ ശേഖരണം**

ജീവകാരുണ്യപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന ജീവൻ ദശാംശശേഖരണം പൂർത്തിയാക്കുവാൻ സഹകരിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാർക്കും മറ്റു ശുശ്രൂഷകർക്കും നന്ദിയും അഭിനന്ദനങ്ങളും. ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 10000/- രൂപയും അതിൽക്കൂടുതലും ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ, RTGS എന്നിവ മുഖേന മാത്രമാണ് കേന്ദ്രസർക്കാർ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സ്വീകരിക്കാനാവുന്നതെന്ന് ഓർമിക്കുമല്ലോ.
2. ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫറിനുശേഷം ഫോണിൽ വിളിക്കുകയോ വാട്ട്സ് ആപ്പ് മെസേജ് നല്കുകയോ ചെയ്യുമല്ലോ. (ഫാ. സ്റ്റാൻലി പുള്ളോലിക്കൽ 9496033110, ബിൻസ് എബ്രാഹം 9846803036
3. താഴെ നല്കുന്ന ജീവൻ ദശാംശ അക്കൗണ്ടിലേയ്ക്ക് ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ / RTGS മുഖേന തുക ട്രാൻസ്ഫർ ചെയ്യുമല്ലോ. ജീവൻ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**Account details**

**Diocese of Kanjirapally**

**(Fr. Martin Velliamkulam & Fr. Stanly Eapen)**

**A/C No. 10310100237040**

**Federal Bank ,**

**Kanjirapally Branch**

**IFSC - FDRL0001031, Ph :04828-205942, Mob: 9645674443**

അല്ലെങ്കിൽ

**Procurator, Tithe Programme**
**A/C No. 07, Sahyadri Co-operative Credit Society**
**Main Branch, Kanjirapally**

4. എല്ലാ ഇടവകകളുടെയും ദശാംശം സ്വീകരിച്ചതിനുശേഷം മാത്രമാണ് ഓരോ ഇടവകയ്ക്കുമുള്ള ദശാംശവിഹിതം കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നത്. അതിനാൽ ഇനിയും ദശാംശ തുക നല്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് കൈമാറിയാൽ മെയ് മാസത്തിൽ തന്നെ നമുക്ക് ഇടവകകൾക്കുള്ള ദശാംശവിഹിതം നല്കിത്തുടങ്ങാവുന്നതാണ്.

5. ജീവൻ 2021-ലെ ഇടവകദശാംശവിഹിതം വാങ്ങുന്നതിന് മുൻപായി കഴിഞ്ഞ വർഷം (ജീവൻ 2020) ദശാംശവിഹിതം വഴിയായും മറ്റു സംഭാവനകളിൽനിന്നും ഇടവകയിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ കണക്ക് ഓഫീസിൽ ഏല്പിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. നമ്മളൊരുമിച്ച് ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങളെക്കുറിച്ചറിയുവാൻ അത് സഹായകമാകും.

**ക്രൈസ്തവ സാമൂഹിക സാമ്പത്തികാവസ്ഥ പഠനം**

ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തികാവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ക്രമീകരിച്ച പഠനത്തിന്റെ വിവരശേഖകർക്കായുള്ള പരിശീലനപരിപാടി ഏപ്രിൽ 17, 18 തീയതികളിൽ കുട്ടിക്കാനം മരിയൻ കോളേജിലും കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിലുമായി ക്രമീകരിച്ചിരുന്ന പരിശീലനം, കോവിഡ് വ്യാപനസാഹചര്യത്തിൽ സൂം കോൺഫ്രൻസ് വഴിയായി നടത്തപ്പെട്ടു. കുട്ടിക്കാനം മരിയൻ

കോളജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ഷൈജു കാരിക്കക്കുന്നേൽ, സോഷ്യൽവർക്ക് വിഭാഗം തലവൻ ബ്രദർ ജോസഫ് ചാരുപ്ലാക്കൽ, അസിസ്റ്റന്റ് പ്രൊഫസർ അനീന അന്ന സെബാസ്റ്റ്യൻ എന്നിവർ പരിശീലനപരിപാടിക്ക് നേതൃത്വം നല്കി. തൃശൂർ PAROC ഇൻസ്റ്റിറ്റ്യൂട്ടാണ് പഠനത്തിന്റെ ക്രമീകരണങ്ങൾ നിർവ്വഹിക്കുന്നത്. കോവിഡ് പശ്ചാത്തലത്തിൽ ഇനിയൊരറിയിപ്പുണ്ടായതിനുശേഷം മാത്രമായിരിക്കും പഠനപരിപാടി ആരംഭിക്കുക.

**ഇടവകകളിൽ**

ഏപ്രിൽ 17 ഞായറാഴ്ച കരിക്കാട്ടൂർ ഇടവകയിൽ രാവിലെ 8 മണിക്കുള്ള പരിശുദ്ധ കുർബാനയെത്തുടർന്ന് കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, കൈക്കാരന്മാർ, വിശ്വാസജീവിതപരിശീലകർ, സന്യാസിനികൾ, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവർ ഒരുമിച്ചുചേരുകയും ക്രിയാത്മക ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഹൃദ്യമായി സ്വീകരിക്കുകയും ക്രമീകരണങ്ങൾ നടത്തുകയും ചെയ്ത എല്ലാ പ്രതിനിധികളെയും സിസ്റ്റേഴ്സിനെയും വളരെ പ്രത്യേകമായി ബഹുമാന വികാരിയച്ചൻ ഇടത്തിനകം ജോസുകുട്ടി അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

### വാർഷികപ്പരീക്ഷ

1 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികളുടെ വാർഷികപ്പരീക്ഷ ഏപ്രിൽ 5-ാം തീയതി തിങ്കളാഴ്ച നടത്തപ്പെട്ടു. ഇടവകകളിൽ ഇതിനുവേണ്ട എല്ലാ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും നടത്തിയ ബഹു. വൈദികരെയും വിശ്വാസജീവിത പരിശീലകരെയും നന്ദിയോടെ ഓർക്കുന്നു. അന്നേദിവസം പരീക്ഷയിൽ പങ്കെടുക്കാൻ കഴിയാത്തവർക്കായി ഏപ്രിൽ 11 ഞായറാഴ്ച പരീക്ഷകൾ നടത്തപ്പെട്ടു.

### ഉത്ഥാനോത്സവം

ഏപ്രിൽ 6 മുതൽ 10 വരെ തീയതികളിൽ ലിറ്റിൽഫ്ളവർ, ഡോമിനിക്ക് സാവിയോ അൽഫോൻസാ വിഭാഗങ്ങളിലെ കുട്ടികൾക്കായി മാതാപിതാക്കളുടെയും വിവിധ സംഘടനാപ്രതിനിധികളുടെയും വിശ്വാസജീവിതപരിശീലകരുടെയും സഹായത്തോടെ വ്യത്യസ്തതയാർന്ന രീതിയിൽ വിവിധ ഇടവകകളിൽ ഉത്ഥാനോത്സവം ക്രമീകരിക്കപ്പെട്ടു. ബന്ധങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഈ വർഷത്തെ വർക്കുബുക്കുകൾ ക്രമീകരിച്ചത്. സന്തോഷത്തോടെയും ഉത്സാഹത്തോടെയും കുട്ടികൾ വർക്കുബുക്കുകൾ പൂർത്തിയാക്കുകയും വിശ്വാസജീവിതപരിശീലകർ അവ പരിശോധിക്കുകയും ചെയ്തു. ഇവ ഇടവകയുടെ ഉത്സവദിനങ്ങളാക്കിത്തീർത്ത എല്ലാവർക്കും ആത്മാർത്ഥമായ നന്ദി.

സെന്റ് തോമസ് വിഭാഗത്തിലെ (10, 11, 12) കുട്ടികൾക്ക് അവരുടെ സ്കൂൾ പരീക്ഷകൾക്കുശേഷം ഏപ്രിൽ 30, മെയ് 1, 2 തീയതി

കളിൽ ഉത്ഥാനോത്സവം (ഓൺലൈൻ) നടത്തപ്പെടുന്നു. രാവിലെ 8 മുതൽ 9.30 വരെ കുട്ടികൾ വീടുകളിലിരുന്ന് അദ്ധ്യാപകരുടെ നിർദ്ദേശമനുസരിച്ച് വർക്കുബുക്കുകൾ പൂർത്തിയാക്കേണ്ടതാണ്.

**കുഞ്ഞുമാലാഖമാർ അറിയുവാൻ**

ആദ്യകുമ്പസാരവും ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണവും നടത്തുന്ന കുട്ടികൾക്കായി പ്രത്യേക വീഡിയോ ക്ലാസ് സുവാറ യുട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്തിരിക്കുന്നു. 5 ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ക്ലാസുകൾ കുട്ടികൾക്ക് ഏറെ ഉപകാരപ്രദമാണ്. ഇക്കഴിഞ്ഞ നാളുകളിൽ കൂദാശാസ്വീകരണം നടത്തിയ കുട്ടികൾക്കും തുടർന്നു വരുന്ന ദിവസങ്ങളിൽ നടത്തുന്നവർക്കും ഈ ക്ലാസുകൾ അയച്ചുകൊടുക്കാനും മാതാപിതാക്കളോടൊപ്പമിരുന്ന് പ്രസ്തുത ക്ലാസുകളിൽ പങ്കുചേരാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**റീ എക്സാമിനേഷൻ (ക്ലാസ് 10, 12)**

ഫെബ്രുവരി 7-ന്റെ പരീക്ഷ എഴുതാനാവാത്തവർക്കും പരാജയപ്പെട്ട കുട്ടികൾക്കുമുള്ള റീ എക്സാമിനേഷൻ ഈ വർഷത്തെ പ്രത്യേകസാഹചര്യത്തിൽ ഇടവകകളിൽ വച്ചുതന്നെ സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ നടത്താവുന്നതാണ്. ചോദ്യപേപ്പറുകൾ Email/ whatsapp വഴി അയച്ചുനൽകുന്നതാണ്.

പഠനവൈകല്യമുള്ള കുട്ടികളുടെ വാചികപ്പരീക്ഷ ഒഴിവാക്കി അവരുടെ പ്രൊമോഷനെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർക്ക് തീരുമാനമെടുക്കാവുന്നതാണ്.

**CTC 36 -ാം ബാച്ച്**

പ്രതിസന്ധികൾക്കിടയിലും രൂപതാ കേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശങ്ങൾ പാലിച്ച് വിജയകരമായി Catechists' Training Course (CTC) പൂർത്തിയാക്കിയ വിശ്വാസജീവിതപരിശീലകർക്ക് ആത്മാർത്ഥമായ അനുമോദനങ്ങൾ.

## CTC പൂർത്തിയാക്കിയ വിശ്വാസപരിശീലകർ

1. ബിൻസി ആന്റണി കാട്ടിപ്പുരയ്ക്കൽ, ആനക്കല്ല്
2. സ്മിത മരിയ വർഗ്ഗീസ്, കാരിക്കക്കുന്നേൽ, പെരുവന്താനം
3. റോസിലി തോമസ് കൊച്ചുപറമ്പിൽ, ആനക്കല്ല്
4. ഫ്ളോറ ജേക്കബ് കരിക്കാട്ടുപറമ്പിൽ, ആനക്കല്ല്
5. മനു ജോസഫ് നിരവത്ത്, ചെമ്മണ്ണ്
6. അൻസു ജോർജ് വട്ടംതാനത്ത്, കോരുത്തോട്
7. ഷെബിൻ കുര്യാക്കോസ് പൂവത്തുങ്കൽ, എരുത്വാപ്പുഴ
8. റിന്റു മരിയ സ്കറിയ, കുഴുപ്പിൽ, പെരുവന്താനം
9. കൃപ മരിയ ഡോമിനിക്ക് മേച്ചേരിത്തകിടിയേൽ, കാഞ്ഞിരപ്പള്ളി
10. അഞ്ജു മരിയ ജോസഫ് തടത്തിൽപറമ്പിൽ, ഇടമൺ
11. ജാൻസി സണ്ണി നമ്പൂടാകത്ത്, പാലപ്ര
12. ദീപ്തി ഗ്രേയ്സ് വർഗ്ഗീസ് കായപ്ലാക്കൽ, ഏയ്ഞ്ചൽവാലി
13. അൽഫോൻസ് ജോസ് മടുക്കക്കുഴി, പെരുവന്താനം
14. ഡിനു പ്രിൻസ് മൂലേച്ചാലിൽ, കോരുത്തോട്
15. റ്റിൻസ് ആന്റണി ഒറീത്തയിൽ, ആനക്കല്ല്
16. ഉല്ലാസ് തോമസ് മാണിക്കാത്തുകുന്നേൽ, കാരികുളം
17. സോണിയ ജോസ് ചിലമ്പിക്കുന്നേൽ, പാലൂർക്കാവ്
18. റിയ കുര്യാക്കോസ് ചുഴികുന്നേൽ, ചെറുവള്ളി
19. ഡോണ മരിയ ജോസഫ് മറ്റത്തിൽ, ചെറുവള്ളി
20. മിന്നു റോയി വാലുമണ്ണേൽ, ചെറുവള്ളി
21. അഞ്ജു ട്രീസ ജോസഫ് അരീപ്പുറത്ത്, ഏയ്ഞ്ചൽവാലി
22. മേഴ്സി ജോസഫ് പാറടിയിൽ, പാലമ്പ്ര
23. മിന്റു രാജു കത്തിലാങ്കൽ, കാഞ്ഞിരപ്പള്ളി
24. മിനു ജോർജ് ഇടക്കാട്ട്, അമലഗിരി
25. ആൻസി വർഗ്ഗീസ് പാലമൂട്ടിൽ, പത്തനംതിട്ട
26. ഷാന്റി ബെന്നി താഴത്തുവീട്ടിൽ, വെളിച്ചിയാനി
27. ബിജു ആന്റണി മുക്കുങ്കൽ, പൊടിമറ്റം

28. ഡോണ റ്റോം കടപ്ലാക്കൽ, തമ്പലക്കാട്
29. ജോബിൻ ജോസ് കാലായിൽ, പാലപ്ര
30. ഡോളി തോമസ് പാലാപുളിക്കൽ, കാഞ്ഞിരപ്പള്ളി
31. ജിസ് വർഗ്ഗീസ് മണ്ണാംപറമ്പിൽ, കൊല്ലമുള
32. ജോസഫ് എബ്രാഹം വേഴമ്പത്തോട്ടം, കരിക്കാട്ടൂർ
33. ബീനാ ഷാജി അരിമറ്റംവയലിൽ, മാങ്ങാപ്പാറ
34. ജോർജ് ചാക്കോ ചേറ്റുകുഴിയിൽ, കോരുത്തോട്
35. മോളി തോമസ് ഇടത്തറകയ്യിൽ, കുന്നുംഭാഗം
36. അമ്പി സെബാസ്റ്റ്യൻ ഓലിക്കൽ, സെന്റ് ജോൺ പോൾ നഗർ
37. ബെല്ലാ റോയി കുമ്പളന്താനം, മുണ്ടക്കയം
38. മോളി തോമസ് കടപ്ലാക്കൽ, മുളങ്കുന്ന്
39. കെ.സി. എബ്രാഹം കുമ്പുക്കൽ, ചെങ്കൽ
40. മേരി തോമസ് ബെൻസി കോട്ടേജ്, പത്തനംതിട്ട
41. രശ്മി ജോസുകുട്ടി കൊക്കാട്ട്മുണ്ടക്കൽ, കുന്നുംഭാഗം
42. ഷാന്റി തോമസ് പടിഞ്ഞാറേപ്പറമ്പിൽ, കുന്നുംഭാഗം
43. മിനി ബെന്നി, പരുവനാനിക്കൽ, മുളംകുന്ന്

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മേയ് 8-ാം തീയതി ശനിയാഴ്ച നല്ലതണ്ണിയിൽ വച്ച് നടത്താനിരുന്ന Get together മാറ്റിവച്ചിരിക്കുന്നു.

**മതബോധനഞായർ മേയ് 30-ന്**

പന്തക്കുസ്താ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച മേയ് 30-ാം തീയതി മതബോധനഞായറായി ആചരിക്കുന്നു. സീറോ മലബാർ സഭാതലത്തിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പുതിയവിശ്വാസപരിശീലനവർഷത്തിന് ആരംഭം കുറിക്കുന്നതാണ്.

ഗുഡ്നെസ്, ശാലോം, ഷെക്കീനാ എന്നീ റ്റി.വി. ചാനലുകൾവഴി തിങ്കൾ മുതൽ ശനിവരെ വൈകുന്നേരങ്ങളിൽ ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസുകൾ ലഭ്യമാക്കുന്നതാണ്. ഞായറാഴ്ചകളിൽ

ഓൺലൈൻ ലിങ്കും അയച്ചുതരും. നാലാം ക്ലാസ് മുതലുള്ള കുട്ടികളുടെ ക്ലാസ് നോട്ട് പരിശോധിക്കുവാനും എല്ലാമാസവും മുഴുവൻ കുട്ടികളെയും നേരിട്ടോ ഫോണിലോ ബന്ധപ്പെടുവാനും വിശ്വാസ പരിശീലകരെ ഓർമ്മിപ്പിക്കുമല്ലോ.

**10, 12 ക്ലാസുകളുടെ റിസൾട്ട്**

സൺഡേസ്കൂളിൽ 10, 11, 12 ക്ലാസുകളിൽ പഠിച്ച കുട്ടികളുടെ റിസൾട്ട് ഏപ്രിൽ 8-ാം തീയതി പ്രസിദ്ധീകരിച്ചു. 12-ാം ക്ലാസിൽ പരീക്ഷ എഴുതിയ 1961 കുട്ടികളിൽ 1957 പേരും 10-ാം ക്ലാസിൽ പരീക്ഷ എഴുതിയ 1959 പേരിൽ 1957 പേരും വിജയിച്ചു. 96 കുട്ടികൾ പരീക്ഷകൾ പൂർത്തിയാക്കാനുണ്ട്.

**സ്വാഗതം**

രൂപതാ വിശ്വാസജീവിതപരിശീലനകേന്ദ്രം, ചെറുപുഷ്പമിഷൻലീഗ്, കെ.സി.എസ്.എൽ. ഓഫീസുകളിൽ റീജന്റായി നിയമിതനായിരിക്കുന്ന ചിറക്കടവ് താമരക്കുന്ന് ഇടവകാംഗമായ ബ്രദർ മാർട്ടിൻ (നിതിൻ) മഞ്ഞാടിയിലിന് ഹൃദ്യമായ സ്വാഗതം.

**കുടുംബമതബോധനം : കോവിഡ് കാലത്ത്**

കോവിഡ് വ്യാപനം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ഇത്തവണയും വിശ്വാസജീവിതപരിശീലനക്ലാസുകൾ സാധാരണഗതിയിൽ നടത്താനുള്ള സാധ്യത കുറഞ്ഞിരിക്കുകയാണ്. 'നിങ്ങളുടെ വീടുകളെ സഭയാക്കുക' എന്ന വി. ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ ഹൃദയത്തിൽ സ്വീകരിച്ച് കുടുംബകേന്ദ്രീകൃത വിശ്വാസജീവിത പരിശീലനത്തിൽ നമുക്കു കൂടുതൽ ശ്രദ്ധചെലുത്താം. മാതാപിതാക്കളുടെ വിശ്വാസധാർമ്മികജീവിതം മക്കൾക്ക് മതബോധനഗ്രന്ഥവും തിരുസഭയ്ക്ക് മുതൽക്കൂട്ടും ആകേണ്ടിയിരിക്കുന്നു. കാരണം കുടുംബകേന്ദ്രീകൃതമതബോധനത്തിൽ പ്രഥമാധ്യാപകർ എന്നും മാതാപിതാക്കൾതന്നെ. (Catechesi Tradendae 68) ''കുടുംബമേ നീ എന്താണോ അതായിത്തീരുക'' (ജോൺ പോൾ II). ഇക്കാലയളവിൽ ഏതാനും മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

- സാഹചര്യങ്ങൾ അനുകൂലമായാലുടൻതന്നെ അടുത്ത വർഷത്തേയ്ക്കുള്ള പുസ്തകങ്ങൾ വാങ്ങുവാനും കുട്ടികൾക്കു വിതരണം ചെയ്യുവാനും
- ഓരോ ക്ലാസിലെ വിശ്വാസപരിശീലകരെയും നിയോഗിക്കുവാനും പാഠപുസ്തകപരിചയത്തിനായി പരിശീലനം നല്കുവാനും
- Google Meet, Zoom, Teams, Webex തുടങ്ങിയ പ്രോഗ്രാമുകൾ ഉപയോഗിക്കാൻ സാധിക്കുന്നവർ അവ വഴി ക്ലാസുകളിലെ കുട്ടികൾക്ക് ക്ലാസുകൾ നല്കുവാനും, മറ്റുകുട്ടികളെ ഫോണിൽ ബന്ധപ്പെടുവാനും
- പുതിയ ക്ലാസുകളിലേയ്ക്ക് കുട്ടികളെ ചേർക്കുവാനും രജിസ്റ്ററുകൾ കൃത്യമായി പൂരിപ്പിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നല്കുമല്ലോ.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ഫൊറോനാ പ്രതിനിധികൾ**

ഫൊറോനാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഓൺലൈൻ സമ്മേളനം ഏപ്രിൽ 17-ാം തീയതി നടത്തപ്പെട്ടു. വിവിധ ഫൊറോനകളുടെ ഡയറക്ടറച്ചന്മാരോടും ആനിമേറ്റേഴ്സിനോടും ഒരുമിച്ചു ചേർന്ന് കുഞ്ഞുമിഷനറിമാരുടെയും കഴിഞ്ഞ വർഷത്തെ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ ഡയറക്ടറച്ചനും അസി. ഡയറക്ടറച്ചനും പുതിയവർഷത്തെ കർമ്മപദ്ധതികൾ രൂപീകരിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. ഓരോ ഫൊറോനായിൽ നിന്നും രൂപതാ പ്രതിനിധികളെ തെരഞ്ഞെടുത്തു. ഇതിൽനിന്നും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതാണ്.

**ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട രൂപതാ പ്രതിനിധികൾ :**

1. ആൻ തെരേസ് ജോസ് കീലാത്ത്, ചക്കുപള്ളം, അണക്കര
2. ജെറോം മണക്കാട്ട് ശാന്തിഗിരി, കുമളി
3. ഇമ്മാനുവേൽ ജോൺ കിഴക്കേമുറിയിൽ മേരികുളം, കട്ടപ്പന
4. അൽഫോൻസാ ജോർജ് മറ്റത്തിൽ, ചെമ്മണ്ണ്, ഉപ്പുതറ
5. തോമസുകുട്ടി ഇടയാടിയിൽ, പാമ്പാടുംപാറ, മുണ്ടിയെരുമ
6. തെരേസ ജോസഫ് കൊല്ലക്കൊമ്പിൽ, പെരുവന്താനം
7. റിനോ ജോസഫ് മേക്കരശ്ശേരിൽ, പുഞ്ചവയൽ, മുണ്ടക്കയം
8. അന്നു ജിജി കൊള്ളിക്കൊളവിൽ, കാരികുളം, വെളിച്ചിയാനി
9. റ്റോണി ജോസഫ് വിരുത്തിയേൽ, പഴയിടം, കാഞ്ഞിരപ്പള്ളി

10. അൻജോ പേഴനാൽ, ചെങ്ങളം, പൊൻകുന്നം
11. സാറാ മറിയം പനച്ചിക്കുന്നേൽ, എരുത്വാപ്പുഴ, എരുമേലി
12. മാത്യു മുണ്ടാട്ടുചുണ്ടയിൽ, കണ്ണമ്പള്ളി, റാന്നി.
13. ആഗ്നസ് സെബാസ്റ്റ്യൻ പുഞ്ചാൽ, പത്തനംതിട്ട

**മിഷൻ സന്ദേശ് തുക നൽകിയ ഇടവകകൾ... തുടർച്ച**

| | | |
|---|---|---|
| ശാന്തിഗിരി | – | 10,000 |
| കട്ടപ്പന | – | 50,000 |
| എരുമേലി | – | 20,000 |
| കൊല്ലമുള | – | 5,000 |
| നിരവ് | – | 1,000 |
| ഉമിക്കുപ്പ | – | 5,000 |
| കുന്നുംഭാഗം | – | 53,000 |
| ആനിക്കാട് | – | 15,000 |
| പെരുന്തേനരുവി | – | 500 |
| ഇഞ്ചിയാനി | – | 5,000 |
| പൊടിമറ്റം | – | 15,000 |
| മാങ്ങാപ്പേട്ട | – | 2,000 |
| ചിന്നാർ | – | 23,000 |
| മരിയഗിരി | – | 10,000 |
| മുക്കൂട്ടുതറ | – | 23,880 |
| അമരാവതി | – | 30750 |
| ചെല്ലാർകോവിൽ | – | 1,00,000 |
| PAC അണക്കര | – | 5,000 |
| പൊൻകുന്നം | – | 25,000 |
| പൂമറ്റം | – | 1,11,111 |
| കണ്ണിമല | – | 30,000 |
| പാലപ്ര | – | 25,000 |
| പ്ലാച്ചേരി | – | 15,000 |
| കോഴഞ്ചേരി | – | 6,700 |
| കണ്ണംപള്ളി | – | 20,000 |

പ്രതിസന്ധിയുടെ നാളുകളിലും സീതത്തോട് ഇടവക ദൈവാലയനിർമ്മാണത്തിനായി സഹകരിച്ചതിന് പ്രത്യേകം നന്ദി. ചിന്നാർ ഇടവകയിൽനിന്നും ലഭിച്ച 23,000 രൂപ മരിയഗിരി എന്ന് കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ മാറിപ്പോയതിൽ ക്ഷമാപണം. മിഷൻസന്ദേശിൽ പങ്കുചേർന്ന എല്ലാവർക്കും ആത്മാർത്ഥമായ നന്ദി.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**വെളിപാട് 1-3**

മാർച്ച്-ഏപ്രിൽ മാസങ്ങളിലെ തിങ്കളാഴ്ചകളിൽ രൂപതയിലെ വൈദികർക്കായി നടത്തിയ വെളിപാട് 1-3 അദ്ധ്യായങ്ങളെക്കുറിച്ചുള്ള ക്ലാസിൽ പങ്കെടുത്ത എല്ലാ വൈദികർക്കും ഹൃദ്യമായ നന്ദി.

**ബൈബിളിന് ഒരു ആമുഖം**

ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ അൽമായർക്കായി നടത്തിയ 'ബൈബിളിന് ഒരു ആമുഖം' എന്ന പഠനപരമ്പരയിൽ ഏകദേശം 200-ഓളം അൽമായർ സജീവമായി പങ്കെടുത്തു. എല്ലാവർക്കും നന്ദി.

**വി. മർക്കോസിന്റെ സുവിശേഷം**

രൂപതയിലെ അൽമായർക്കും സിസ്റ്റേഴ്സിനും വേണ്ടി വി. മർക്കോസിന്റെ സുവിശേഷത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ ഏപ്രിൽ 10-ന് ആരംഭിച്ചു. ഏപ്രിൽ - മെയ് - ജൂൺ മാസങ്ങളിലെ ശനിയാഴ്ചകളിൽ വൈകുന്നേരം 6 മണി മുതൽ 7-മണി വരെയാണ് ക്ലാസിന്റെ സമയം. ഏകദേശം 150-ഓളം പേർ ഈ ഓൺലൈൻ കോഴ്സിന് ഇതിനോടകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. വിശദവിവരങ്ങൾക്കായി 9689739550 എന്ന വാട്ട്സ് ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

## കൊയ്നോണിയ 2021

എസ്.എം.വൈ.എം. നേതൃത്വ പരിശീലന ക്യാമ്പ് കൊയ്നോണിയ 2021 ഏപ്രിൽ 13 ചൊവ്വാഴ്ച വൈകിട്ട് 5 മുതൽ ബുധനാഴ്ച രാവിലെ അഞ്ചുമണി വരെ കുട്ടിക്കാനം മരിയൻ കോളേജിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന നേതാക്കൾ, ഫൊറോനാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ് എന്നിവർ പ്രോഗ്രാമിൽ പങ്കെടുത്തു. ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, ഫാ. ബിന്നി കയ്യാണിയിൽ, ബ്രദർ ജിറ്റോ ആക്കാട്ട് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. നൂറോളം യുവജനങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു.

## ഐൻഹൈറ്റ് 2021

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. എല്ലാ വർഷവും ദുഃഖശനിയാഴ്ച്ച നടത്താറുള്ള ഐൻഹൈറ്റ് യുവജന സംഗമം രൂപതയിൽ വിവിധ ഫൊറോനകളിലെ അറുപത്തഞ്ചോളം ഇടവകകളിൽ വളരെ വിജയകരമായി നടത്തപ്പെട്ടു. യുവജനങ്ങളെ ഇടവകയോട് ചേർത്ത് നിർത്തുന്നതിൽ ഇടവകകൾ കാണിക്കുന്ന തീക്ഷ്ണതയ്ക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## യൂത്ത് കപ്പ് ക്രിക്കറ്റ് ടൂർണമെന്റ് 2021

മേയ് 8, 13 ദിവസങ്ങളിലായി നടത്താൻ തീരുമാനിച്ചിരുന്ന രൂപതാതല ക്രിക്കറ്റ് ടൂർണമെന്റ് നിലവിലെ കോവിഡ് സാഹചര്യത്തിൽ നീട്ടിവയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഫൊറോന തല മത്സരങ്ങളും പിന്നീട് നടത്തും. സാഹചര്യങ്ങൾ അനുകൂലമായാൽ ഓണാവധിയോട നുബന്ധിച്ച് രൂപതാ തല മത്സരങ്ങൾ നടത്തപ്പെടും.

## ഓൺലൈൻ എൻട്രൻസ് ക്രാഷ് കോഴ്സ്

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്ക് KEAM, JEE, NEET, പ്രവേശന പരീക്ഷകൾക്ക് ഒരുങ്ങുവാൻ എൻട്രൻസ് ക്രാഷ് കോഴ്സ് ഒരുക്കുന്നു. ഓൺലൈനായി ക്രമീകരിച്ചിരിക്കുന്ന ഈ പരിശീലനം തികച്ചും സൗജന്യമാണ്. 80 മണിക്കൂറുകളുള്ള ഈ കോഴ്സിന്റെ 66 മണിക്കൂറുകൾ മാത്തമാറ്റിക്സ്, ബയോളജി, ഫിസിക്സ്, കെമിസ്ട്രി എന്നീ പ്രധാന വിഷയങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. എൻട്രൻസ് പരീക്ഷകൾക്ക് ഒരുങ്ങേണ്ടത് എങ്ങനെയെന്ന് വിദഗ്ധരായ പരിശീലകർ സംസാരിക്കുന്നതിനോടൊപ്പം കരിയർ ഗൈഡൻസ് ക്ലാസുകളും ഈ കോഴ്സിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ വിഷയവും വിശദമായി പ്രതിപാദിക്കുന്ന വീഡിയോസ്, മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ ചർച്ച ചെയ്യുന്ന ലൈവ് സെക്ഷനുകൾ എന്നിവ ഈ പരിശീലന പദ്ധതിയിൽ ഉൾപെടുത്തിയിരിക്കുന്നു. ഈ പരിശീലന പദ്ധതിയിൽ അംഗമാകുന്നവർക്ക് എൻട്രൻസ് പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സഹായവും ഏർപ്പെടുത്തിയിരിക്കുന്നു. രണ്ടു ബാച്ചുകളിലായി നടത്തുന്ന ഈ കോഴ്സിന്റെ ആദ്യ ബാച്ച് 2021 മേയ് നാലിന് ആരംഭിക്കും. മേയ് 3-ന് മുമ്പായി ഈ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ പൂർത്തിയാകും. രണ്ടാം ബാച്ചിന്റെ പരിശീലനം 2021 ജൂൺ പത്തിന് ആരംഭിക്കും. ജൂൺ ഒൻപതിന് രണ്ടാം ബാച്ചിലെ രജിസ്ട്രേഷൻ അവസാനിക്കും.

## യുവാക്കൾക്ക് ആദരവ്

അപകടത്തിൽപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ജീവൻ രക്ഷിക്കുവാൻ രക്ഷാപ്രവർത്തനം നടത്തിയ മൂന്ന് യുവാക്കളെ കാഞ്ഞിരപ്പള്ളി രൂപത എസ്. എം. വൈ. എം ആദരിച്ചു.

എരുമേലിയിൽ നിയന്ത്രണം വിട്ട് അപകടത്തിൽപെട്ട കാറിനുള്ളിൽ സ്റ്റിയറിങ്ങിനും സീറ്റിനും ഇടയിൽ കുടുങ്ങി

ബോധരഹിതനായ ഉദ്യോഗസ്ഥനെയാണ് ഇവർ രക്ഷപെടുത്തിയത്. തിരഞ്ഞെടുപ്പ് ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയ സ്റ്റുഡൻറ് പോലീസ് മുൻ കേഡറ്റുകളുമായ നിജിൻ, ടോണി, ടോംസി, എന്നിവരാണ് രക്ഷാപ്രവർത്തനം നടത്തിയത്.

അപകട സാഹചര്യത്തെ വെല്ലുവിളികളോടെ ഏറ്റെടുത്ത യുവാക്കളെ കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ മാർ. ജോസ് പുളിക്കൽ ആദരിച്ചു. ബൈബിളിലെ നല്ല സമറായന്റെ പ്രവർത്തികളെ അനുസ്മരിപ്പിക്കുന്നതാണ് ഇവരുടെ പ്രവർത്തനം എന്ന് പിതാവ് പറഞ്ഞു. ചടങ്ങിൽ വികാരി ജനറാൾ ഫാ. ബോബി മണ്ണംപ്ലാക്കൽ, രൂപതാ എസ്.എം.വൈ.എം. പ്രസിഡന്റ് ആദർശ് കുര്യൻ, ഡയറക്ടർ ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, ജനറൽ സെക്രട്ടറി തോമാച്ചൻ കത്തിലാങ്കൽ, ആനിമേറ്റർ സിസ്റ്റർ, എസ്. എം. വൈ. എം രൂപതാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

കണ്ടത്തിൽ സജി - സിന്ധു ദമ്പതികളുടെ മകനാണ് നിജിൻ. വട്ടപ്പാറയിൽ പറപ്പള്ളി വീട്ടിൽ ജോയി - ഡോളി ദമ്പതികളുടെ മക്കളാണ് ഇരട്ട സഹോദരന്മാരായ ടോണിയും, ടോംസിയും.

**നന്ദി, സ്വാഗതം**

കഴിഞ്ഞ ഒരു വർഷകാലം രൂപതാ എസ്. എം. വൈ. എം ഓഫീസിൽ റീജന്റായി സേവനം ചെയ്ത ബ്രദർ ഡോൺ മറ്റക്കരതുണ്ടിയിലിന് എസ്. എം. വൈ. എം കുടുംബത്തിന്റെ നന്ദി. രൂപത എസ്. എം. വൈ. എം. ഓഫീസിൽ പുതിയ റീജന്റായി പ്രവർത്തനം ആരംഭിച്ച ബ്രദർ ജിറ്റോ ആക്കാട്ടിന് എസ്. എം. വൈ. എം. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ**

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് വിവാഹ ഒരുക്കധ്യാനം ഓൺലൈനായി നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്കായി 04828-205628, 04828-201100, 9497096431, 8943895505 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഉടനെ വിവാഹത്തിനായി ഒരുങ്ങുന്നവരോടും പ്രത്യേക അനുവാദം വാങ്ങി വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുക്കാതെ വിവാഹിതരായവരോടും ഈ online ധ്യാനത്തിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

രജിസ്ട്രേഷനോടൊപ്പം നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് തൃപ്തികരമായവിധം നോട്ടുകൾ തയ്യാറാക്കി നൽകുകയും പരീക്ഷ വിജയിക്കുകയും ചെയ്യുന്നവർക്കുമാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു എന്ന കാര്യം വിവാഹാർത്ഥികളെ വ്യക്തമായി ധരിപ്പിക്കണമെന്ന് ബഹു. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

**കോവിഡ് വ്യാപന പശ്ചാത്തലത്തിലുള്ള ക്രമീകരണങ്ങൾ**

കോവിഡ് - 19 കൂടുതൽ പടരുന്ന സാഹചര്യത്തിൽ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഫോൺ വഴിയും ഓൺലൈനിലും ആയിരിക്കും നൽകുന്നത്.

വിവാഹ ഒരുക്കധ്യാനത്തിന് ഫോൺ മുഖേനയും ഓൺലൈനിലും രജിസ്റ്റർ ചെയ്യാവുന്നതിനാൽ അതിനായി ഓഫീസിൽ നേരിട്ട് വരേണ്ടതില്ല.

വിവാഹ ഒരുക്കധ്യാനത്തിൽ രജിസ്റ്റർ ചെയ്തശേഷം ക്ലാസുകളിൽ സംബന്ധിച്ച് നോട്ടുകൾ തയ്യാറാക്കി അയയ്ക്കുന്നതിനും അത് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനും 8 മുതൽ 10 വരെ ദിവസങ്ങൾ ആവശ്യമാണ്. അതിനാൽ അത്രയും ദിവസങ്ങൾ മുൻകൂട്ടി കണ്ട് കാര്യങ്ങൾ ക്രമീകരിക്കാൻ വിവാഹാർത്ഥികളെ ഓർമ്മിപ്പിക്കുമല്ലോ.

കോവിഡ് –19 ന്റെ സാഹചര്യത്തിൽ കൗൺസിലിംഗ് സൗകര്യം തൽക്കാലം ഉണ്ടായിരിക്കില്ല.

**വിമല മാട്രിമണി**

സീറോ മലബാർ സഭയിലെ 18 മാട്രിമണികളുടെ കൂട്ടായ്മയായ സീറോ മലബാർ മാട്രിമണിയിൽ മേയ് മാസം 7–ാം തീയതി വരെ സൗജന്യമായി രജിസ്റ്റർ ചെയ്യാനുള്ള അവസരം ഒരുക്കിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി 8281423683/81/82, 04828201100 എന്നീ നമ്പരുകളിൽ വിളിക്കുകയോ www.vimalamatrimony.com എന്ന സൈറ്റിൽ ലോഗിൻ ചെയ്യുകയോ ചെയ്യുക.

**നന്ദി**

രൂപതാ കുടുംബപ്രേഷിതത്വ വിഭാഗത്തിൽ ഒരു വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബ്രദർ തോമസ് (ബിപിൻ) പാലൂക്കുന്നേലിന് ആത്മാർത്ഥമായ നന്ദി.

**സ്വാഗതം**

റീജൻസി ശുശ്രൂഷകൾക്കായി ഫാമിലി അപ്പോസ്തലേറ്റിലേയ്ക്ക് നിയമിതനായിരിക്കുന്ന ബ്രദർ ഇമ്മാനുവേൽ (ജസ്റ്റിൻ) മണിമലയ്ക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# പിതൃവേദി

രൂപതാ പിതൃവേദിയുടെ ഉദ്ഘാടനം മേയ് മാസം 1–ാം തീയതി ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് ഓൺലൈൻ മീറ്റിംഗിൽ വച്ച് നടത്തുന്നു.

ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ക്ലാസ് നയിക്കുന്നതാണ്. തുടർന്നു നടക്കുന്ന ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് രൂപതാ പിതൃവേദിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. വിവിധ സംഘടനകളുടെ ഭാരവാഹികൾ ആശംസകളർപ്പിച്ച് സംസാരിക്കും. രൂപതാ പിതൃവേദി ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പിതൃവേദി എംബ്ലത്തിന്റെ പ്രകാശനവും ഈ യോഗത്തിൽ വച്ച് നടക്കും.

Zoom meeting link, Youtube link എന്നിവ പിന്നീട് നൽകുന്നതാണ്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

## NRC Webinar Sessions

പൗരസ്ത്യ കാനൻനിയമത്തിലെ ആരാധനക്രമസംബന്ധമായ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിനെക്കുറിച്ച് 1996-ൽ വത്തിക്കാൻ നല്കിയ രേഖയെക്കുറിച്ച് നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്റർ നടത്തിവരുന്ന വെബിനാറുകളുടെ ആറും ഏഴും സെഷനുകൾ ഏപ്രിൽ 11, 18 തീയതികളിൽ നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ സെൻട്രൽ ലിറ്റർജിക്കൽ കമ്മീഷന്റെ ചെയർമാനായ അഭിവന്ദ്യ മാർ തോമസ് ഇലവനാൽ പിതാവ് ഉൾപ്പെടെ നിരവധിപേർ പങ്കെടുത്ത ഈ വെബിനാറുകളിൽ റവ. ഡോ. സേവ്യർ ക്രിസ്റ്റി OFM, റവ. ഡോ. ഡൊമിനിക്ക് വെച്ചൂർ എന്നിവർ യഥാക്രമം പേപ്പറുകൾ അവതരിപ്പിച്ചു.

**നസ്രാണി മാർഗം ഇടവകബുള്ളറ്റിൻ**

കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നതുപോലെ നസ്രാണി റിസേർച്ച് സെന്ററിന്റെ നേതൃത്വത്തിൽ ആരാധനക്രമകാലങ്ങളുടെ ആരംഭത്തിൽ ഇടവകകൾക്കുവേണ്ടി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഇടവകബുള്ളറ്റിൻ ഇനിയും ഏതെങ്കിലും ഇടവകകളിൽ ആരംഭിക്കുവാൻ താല്പര്യമുണ്ടെങ്കിൽ മേയ് 10-ന് മുമ്പ് അറിയിക്കേണ്ടതാണ്.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഏപ്രിൽ 2021**

08 +2 വിദ്യാർത്ഥികളുടെ പരീക്ഷകൾ ആരംഭിച്ചു.

11 പുതുഞായർ ആഘോഷമായ ദിവ്യബലിയോടുകൂടി ആചരിച്ചു.

22 +2 വിദ്യാർത്ഥികളുടെ വാർഷികപരീക്ഷകൾ അവസാനിച്ചു.

ബഹു. ഇടവകവികാരിമാർ കണ്ടെത്തിയ ദൈവവിളിയോട് ആഭിമുഖ്യവും പുരോഹിതരാകാൻ യോഗ്യതയുള്ളവരുമായ SSLC, +2, Degree വിദ്യാർത്ഥികളുടെ പേരുവിവരം അറിയിക്കുക. 9747946060, 8547989845 എന്നീ നമ്പരുകളിലേയ്ക്ക് വിളിച്ചറിയിക്കുകയോ വാട്ട്സ് ആപ്പിൽ വിവരങ്ങൾ നല്കുകയോ ചെയ്യാവുന്നതാണ്.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

മാർച്ച് അവസാനം നടന്ന കെ.സി.സി.ആർ.എസ്.ടി. സൂം മീറ്റ് സന്ദർശനത്തിൽ സോണിന്റെ കോർടീം പങ്കെടുത്തു. അവിടെ ലഭിച്ച നിർദ്ദേശങ്ങളുടെ ഭാഗമായി സോണിൽ ഓൺലൈൻ വഴി ഭാവിപദ്ധതികൾക്ക് ആരംഭം കുറിച്ചു. സബ് ഗ്രൂപ്പുകളിൽ നേരിട്ട് മീറ്റിംഗ് ആരംഭിച്ച് പരിശീലന പ്രക്രിയയിലൂടെ കടന്നുപോകുന്നു. LSS പരിശീലനം 7 സബ്ഗ്രൂപ്പുകൾ ആയി 7 ആഴ്ചത്തേയ്ക്ക് നൽകിവരുന്നു. പരിശീലനം മൂന്നാമത്തെ ആഴ്ചയിലേക്കു പ്രവേശിച്ചിരിക്കുന്നു. ഇപ്പോൾ 64 പേർ രണ്ടാംഘട്ട റിസോഴ്സ് ടീമിന്റെ പരിശീലനത്തിൽ പങ്കെടുക്കുന്നു. പന്തക്കുസ്താ – 2021 തിരുനാളിനു മുമ്പ് പരിശീലനം പൂർത്തിയാക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നത്.

**ഇന്റർസെക്ഷൻ മിനിസ്ട്രി**

സോൺ സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും 4.30 p.m. മുതൽ 6.00 p.m.വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. സബ്സോൺ തലത്തിലും മദ്ധ്യസ്ഥപ്രാർത്ഥന വിവിധ ദിവസങ്ങളിൽ ഓൺലൈൻവഴി നടത്തുന്നുണ്ട്. രാജ്യം കോവിഡ് രണ്ടാംഘട്ട വ്യാപനത്തിന്റെ ഭീതിയിലായതിനാൽ പ്രത്യേകം നിയോഗം വച്ച് സബ് സോണുകളിൽ ഇതിനായി പ്രാർത്ഥന ക്രമീകരിച്ചിട്ടുണ്ട്.

2021 മേയ് 6–ാം തീയതി ആൾ കേരള മദ്ധ്യസ്ഥപ്രാർത്ഥന മിസ്ട്രിയുടെ പ്രത്യേകം ഒത്തുചേരൽ എമ്മാവൂസിൽ നടത്തുന്നുണ്ട്. സോണിൽ നിന്നും ഓൺലൈൻ വഴി പ്രത്യേകം പങ്കാളിത്തം നൽകുന്നുണ്ട്.

2021 പന്തക്കുസ്താതിരുനാളിനുള്ള ഒരുക്കങ്ങൾ സബ്റീജ

നോടു ചേർന്ന് നടത്തിവരുന്നു. 'വിശ്വാസശാക്തീകരണം സാക്ഷ്യ ജീവിതത്തിന്' എന്ന വിഷയത്തിന് ഊന്നൽ നല്കി ഒരുങ്ങുന്നു.

മേയ് 14 മുതൽ 22 വരെയുള്ള 9 ദിവസങ്ങളിലും രാത്രി 8.30 മുതൽ 9.30 വരെയുള്ള എമ്മാവൂസിൽ നടത്തപ്പെടുന്ന പരിശുദ്ധാത്മാവിനോടുള്ള നൊവേനയിലും, പന്തക്കുസ്തഒരുക്കശുശ്രൂഷകളിലും ആരാധനയിലും നമ്മൾ ഓൺലൈനായി പങ്കുചേരുന്നു. ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാക്കന്മാരും പ്രഗത്ഭരായ വചനപ്രഘോഷകരും വചനസന്ദേശം നൽകുന്നു. പന്തക്കുസ്താദിനമായ മേയ് 23 ഞായറാഴ്ച 2.30 p.m. മുതൽ 4.30 p.m. വരെ അഭിവന്ദ്യ പിതാവിന്റെ അനുഗ്രഹപ്രഭാഷണം, ആരാധന, അഭിഷേകപ്രാർത്ഥന എന്നിവയും നടത്തപ്പെടുന്നു. Zoom, You Tube എന്നിവയിൽ ശുശ്രൂഷയുടെ Line ലഭിക്കുന്നതാണ്.


**തൂവാനിസാ മിനിസ്ട്രി**

തൂവാനിസ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാലയും കരുണക്കൊന്തയും മുടങ്ങാതെ നടത്തിവരുന്നു.

**ജീവജ്വാല ഹോംമിഷൻ**

മേയ് മാസത്തിൽ കരിസ്മാറ്റിക് മുഖപത്രമായ ജീവജ്വാലയ്ക്കുവേണ്ടി ഹോംമിഷൻ നടത്തുവാൻ KCCRST ആഹ്വാനം നടത്തിയിട്ടുണ്ട്.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**




# വൊക്കേഷൻ ബ്യൂറോ

മേരി മാതാ മൈനർ സെമിനാരിയിലേക്ക് 2021-22 അധ്യയനവർഷത്തിലേക്ക് ഉള്ള വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാൻ ബഹു. വികാരിയച്ചന്മാരുടെ ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാർ ദൈവവിളിയോട് ആഭിമുഖ്യം ഉള്ളവരായ കുട്ടികളെ (10, +2, Degree, PG) കണ്ടെത്തി താഴെ നല്കിയിരിക്കുന്ന ഫോൺ നമ്പറിൽ അറിയിക്കുമല്ലോ.

ഫാ. ജോൺ പനച്ചിക്കൽ - 6282551129

ഫാ. തോമസ് നരിപ്പാറയിൽ - 8547989845

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

ഏപ്രിൽ 3ന് രാവിലെ 9 മുതൽ വൈകിട്ട് 3 മണി വരെ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെട്ടു. ഡയറക്ടർ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നല്കി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജിത്തു, ബ്രദർ ജോസ്സി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ശുശ്രൂഷകർക്കുള്ള ധ്യാനം**

മരിയൻ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർക്കായി ഏപ്രിൽ 16 വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ ധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ, ബ്രദർ ജോബിൻസ്, ബ്രദർ ജിത്തു, ബ്രദർ ജോസ്സി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ഓൺലൈൻ കൃപാനുഭവധ്യാനം**

ഏപ്രിൽ 16, 17, 18 തീയതികളിൽ ഓൺലൈനായി ധ്യാനം നടത്തപ്പെട്ടു. വെള്ളിയാഴ്ച വൈകുന്നേരം 4 മുതൽ 9.30 വരെയും തുടർന്നുള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെയും ധ്യാനശുശ്രൂഷകൾ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നല്കി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ജോസഫ് പൊയ്യാനിയിൽ, ഫാ. ചാക്കോച്ചൻ കളപ്പുര, ബ്രദർ ജോബിൻസ്, ബ്രദർ ജോസ്സി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### ഓൺലൈൻ ഏകദിനധ്യാനം - USA

ഏപ്രിൽ 21 ബുധനാഴ്ച രാവിലെ 6 മുതൽ 9 മണിവരെ ഓൺലൈനായി ധ്യാനം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ബഹു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ് എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### ഓൺലൈൻ ഏകദിനധ്യാനം - ന്യൂസിലൻഡ്

ന്യൂസിലൻഡിലെ മലയാളി സമൂഹത്തിനുവേണ്ടി ഏപ്രിൽ 22 വ്യാഴാഴ്ച ഏകദിനധ്യാനം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ബഹു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ സരിൻ, ബ്രദർ ജെയ്സൺ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### ഓൺലൈൻ മലയാളം ധ്യാനം (USA)

ഏപ്രിൽ 23 മുതൽ 25 വരെ USA-യിലെ മലയാളി സമൂഹത്തിനു ധ്യാനം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. ബഹു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, ബ്രദർ ജെയ്സൺ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

### യാത്രയയപ്പു സമ്മേളനം

മരിയൻ റിട്രീറ്റ് സെന്ററിൽ റീജൻസി ചെയ്ത ബഹു. ബ്രദർ ജോയ്സ് തെക്കേവയലിൽ, ബഹു. ബ്രദർ അഖിൽ ഏറത്ത് എന്നിവർക്ക് ഏപ്രിൽ 16-ന് യാത്രയയപ്പു നൽകി. ഇവരുടെ സേവനത്തിനു നന്ദിയും പ്രാർത്ഥനാശംസകളും നേർന്നു.

### ഓൺലൈൻ ശുശ്രൂഷ

എല്ലാ ദിവസവും വൈകിട്ട് 5 മുതൽ രാത്രി 8 വരെ ശുശ്രൂഷകൾ നടക്കുന്നു. 5 മണിക്ക് ജപമാലയും കരുണയുടെ ജപമാലയും തുടർന്ന് ആഘോഷമായ വി. കുർബാനയും ദൈവവചനപ്രഘോഷ

ണവും ദിവ്യകാരുണ്യാരാധനയും നടന്നുവരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കി വരുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ എല്ലാദിവസവും മൂന്നുമണിക്ക് ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.


യുട്യൂബ് : Youtube.com/krupavision

ഫേസ്ബുക്ക് : facebook.com.krupavisiontv

വെബ്സൈറ്റ് : www.marianretreatcentre.org

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- വിശുദ്ധവാരാഘോഷങ്ങൾ കൂടുതൽ പ്രാർത്ഥനാചൈതന്യ ത്തിലും പരിഹാരചൈതന്യത്തിലും നടത്തി.
- പാലമ്പ്ര മഠാംഗമായ ലെറ്റീഷ്യാമ്മയുടെ 40-ാം ചരമദിനം പാലമ്പ്ര ഇടവകദൈവാലയത്തിൽ വി. കുർബാനയും ഒപ്പീസും അർപ്പിച്ച് പ്രാർത്ഥിച്ചു.
- സന്യാസസമർപ്പണജീവിതത്തിൽ 25 വർഷം പൂർത്തിയാക്കിയ സിസ്റ്റേഴ്സിനുവേണ്ടി ആലുവാ സി.എം.സി. ജനറലേറ്റിൽ നിന്നും നടത്തുന്ന ഓൺലൈൻ ജൂബിലി കോഴ്സിൽ 10 സിസ്റ്റേഴ്സ് സംബന്ധിക്കുന്നു.
- ചാമംപതാൽ പുഷ്പാരാം സ്റ്റഡി ഹൗസിൽ വച്ച് ജൂണിയർ സിസ്റ്റേഴ്സിനും നോവിസസ്സിനും വേണ്ടി വാർഷികധ്യാനം നടത്തി.
- പൊടിമറ്റം ലിറ്റിൽഫ്ളവർ കോൺവെന്റിൽ വച്ച് സിസ്റ്റേഴ്സിനു വേണ്ടിയുള്ള വാർഷിക ധ്യാനം നടത്തി.
- സി. അന്ന ഗ്രെയ്സ്, സി. ആൻ ലീമ റോസ്മി, സി. അൻസ ഡോണ, സി. അമല റോസ് എന്നിവർ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- പെരിയ ബഹു. ജോർജ് ആലുങ്കലച്ചന്റെ നാമഹേതുകതിരുന്നാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.

- 50 വർഷം സന്യാസസമർപ്പണജീവിതത്തിന്റെ മാധുര്യവും മാഹാത്മ്യവും അനുഭവിച്ച് സുവർണ്ണജൂബിലി ആഘോഷിക്കുന്ന സി. ശോഭന നടുവത്താനിയിൽ, സി. ജ്യോതി വടക്കേത്ത്, സി. പാവന പാറടിയിൽ, സി. ജാൻസി മരിയ ആലുംമൂട്ടിൽ, സി. എൽസി അന്ത്യാംകുളം എന്നിവരുടെ ജൂബിലി ആഘോഷം അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

- ജർമ്മനിയിൽ നിന്നും സി. ജോസിയായും മിഷനിൽ നിന്നും സി. വിൻസി മരിയ, സി. ടെസ്സി കുര്യൻ, സി. ധന്യ എന്നിവരും നാട്ടിൽ എത്തി.

- **സി. ഹെലൻ സി.എം.സി. (മുട്ടത്ത്, ചേനപ്പാടി)** : പൊടിമറ്റം സി.എം.സി. ലിറ്റിൽഫ്ളവർ മഠാംഗമായ സി. ഹെലൻ സി.എം. സി. (മുട്ടത്ത്, ചേനപ്പാടി) 28.04.2021 ബുധനാഴ്ച നിര്യാതയായി. 29.04.2021 വ്യാഴാഴ്ച രാവിലെ മൃതദേഹം പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വയ്ക്കുകയും പാലമ്പ്ര മേരിക്യൂൻസ് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. സന്തോഷ് CMI യുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി നടത്തി. തുടർന്ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ മൃതസംസ്ക്കാരശുശ്രൂഷകൾ നടത്തുകയും തുടർന്ന് കാഞ്ഞിരപ്പള്ളി കത്തീദ്രൽ പള്ളി സെമിത്തേരിയിൽ സംസ്ക്കരിക്കുകയും ചെയ്തു.

  സി. ഹെലൻ തന്റെ 60 വർഷത്തെ സന്യാസസമർപ്പണജീവിതത്തിൽ 44 വർഷം പാലമ്പ്ര മേരി ക്വീൻസ് ഹോസ്പിറ്റലിൽ നേഴ്സ് ആയി സ്തുത്യർഹമായി സേവനം ചെയ്തു. കൂടാതെ ജർമ്മനി, ചെത്തിപ്പുഴ, മാർ അപ്രേം ചിറക്കടവ് എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പാലാ ഭരണങ്ങാനം, കാഞ്ഞിരപ്പള്ളി എന്നീ പ്രോവിൻസുകളിലെ ഗോൾഡൻ ജൂബിലിക്കാരായ സിസ്റ്റേഴ്സിനായി മുട്ടുച്ചിറ അൽഫോൻസ ഭവനിൽ വച്ച് നടത്തിയ ഒരാഴ്ചത്തെ ധ്യാനത്തിൽ കാഞ്ഞിരപ്പള്ളി പ്രൊവിൻസിൽ നിന്നും അഞ്ച് സിസ്റ്റേഴ്സ് പങ്കെടുത്തു.
- ചോറ്റി അസ്സീസ്സി ഭവൻ ഓൾഡ് എയ്ജ് ഹോമിന്റെ മാനേജിംഗ് കമ്മറ്റി മീറ്റിംഗ്, ബഹു. പ്രൊവിൻഷ്യൽ സി. അമലയുടെ നേതൃത്വത്തിൽ സമ്മേളിച്ച് ചർച്ചകൾ നടത്തി തീരുമാനങ്ങൾ സ്വീകരിച്ചു.
- തങ്ങളുടെ സമർപ്പണജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കി ഗോൾഡൻ ജൂബിലിയുടെ നിറവിലായിരിക്കുന്ന സി. ഫ്രാൻസിറ്റ, സി. ഗ്ലോറി, സി. ആൻസിറ്റ, സി. മരിയ പുഷ്പം, സി. ലിസി വാഴചാരി എന്നിവർ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട ആഘോഷമായ ദിവ്യബലി മദ്ധ്യേ കുടുംബാംഗങ്ങളോടൊപ്പം ദൈവത്തിന് കൃതജ്ഞത അർപ്പിച്ചു.
- ആലുവ, 'പോർസ്യുങ്കളം' ജനറലേറ്റ് ഹൗസിൽ വച്ച് കേരളാ പ്രൊവിൻസുകളിലെ സിസ്റ്റേഴ്സിന് നിത്യവ്രതത്തിന് ഒരുക്കമായി നടത്തിയ രണ്ട് മാസത്തെ കോഴ്സ് പൂർത്തിയാക്കി സി. സാന്ദ്ര, സി. റ്റെസ്നാ എന്നിവർ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അർപ്പിച്ച ആഘോഷമായ ദിവ്യബലി മദ്ധ്യേ ബഹു. മദർ ജനറൽ ആൻ ജോസഫ് അമ്മയുടെയും പ്രൊവിൻഷ്യലമ്മമാരുടെയും സാന്നിദ്ധ്യത്തിൽ നിത്യവ്രതവാഗ്ദാനം നടത്തി.
- ഈ വർഷം സുവർണ്ണജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന സിസ്റ്റേഴ്സിനെ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ച് ചേർത്ത് അവർക്കായി പ്രത്യേക പ്രാർത്ഥനകളും, സമ്മേളനങ്ങളും നടത്തി ബഹുമാനപ്പെട്ട പ്രൊവിൻഷ്യാലമ്മ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- ജനറലേറ്റുതലത്തിൽ നടത്തപ്പെട്ട Mission & Evangalization Zoom Meeting ൽ മിഷൻ കൗൺസിലർ സി. ദീപ്തി പച്ചിലംകാട്ടി ലും, കമ്മറ്റി അംഗങ്ങളും സംബന്ധിച്ചു.
- ജനറലേറ്റുതലത്തിൽ നടത്തപ്പെട്ട Healing Ministry Zoom Meeting ൽ കൗൺസിലർ സി. ആൻസി ചെറുശ്ശേരിൽ സംബന്ധിച്ചു.
- രൂപതയിൽ നിന്നും ആഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് നൽകിയ പെസഹാ ഒരുക്ക ധ്യനത്തിലും ആരാധനയിലും സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിച്ചു.
- ജയിൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കോട്ടയം ജയിൽ സന്ദർശനത്തിലും, പെസഹാ ഒരുക്കആരാധനയിലും കുർബാനയിലും സി.റ്റിൻസി വരകുകാലായിൽ സംബന്ധിച്ചു.
- ജൂണിയർസിസ്റ്റേഴ്സിന് നടത്തപ്പെട്ട രണ്ടു ദിവസത്തെ കോഴ്സിന് റവ. ഫാ. മാത്യു കരിപ്പാൽ OFM. Cap നേതൃത്വം നൽകി.
- നോവിസ് ക്രിസ്റ്റിന ട്രീസ കരിവേലിക്കൽ, അട്ടപ്പള്ളം സെന്റ് തോമസ്സ് ഫൊറോന പള്ളിയിൽ വച്ച് സന്യാസ വസ്ത്രം സ്വീകരിച്ച് ആദ്യവ്രത വാഗ്ദാനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.
- മൂന്ന് ജൂണിയർ സിസ്റ്റേഴ്സ് ഏപ്രിൽ 12 ന് ആലുവാ ജനറലേറ്റിൽ വച്ച് നിത്യവ്രതവാഗ്ദാനം നടത്തി. കർമ്മങ്ങൾക്ക് താമരശ്ശേരി രൂപതാ അദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.
- ബഹു. ജയിംസ് തലച്ചല്ലൂരച്ചന്റെ അമ്മയുടെ നിര്യാണത്തിൽ ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചു.
- ഈ കാലയളവിൽ സാമൂഹികസേവനത്തിന്റെ ഭാഗമായി ഒരാൾക്ക് വിവാഹസഹായം 15000/രൂപയും, ചികത്സാസ

ഹായം 6 പേർക്ക് 78000 രൂപയും, ഭവനനിർമ്മാണത്തിന് ആറ് പേർക്ക് 370000/-രൂപയും , പഠന സഹായം 6 പേർക്ക് 156000/-രൂപയും സഹായം നൽകി.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- വിശുദ്ധവാരവും ഈസ്റ്ററും ഭക്തിനിർഭരമായി ആചരിച്ചു.
- ബഹുമാനപ്പെട്ട ഫാദർ തോമസ് നിരപ്പേൽ നയിക്കുന്ന ബൈബിൾ ക്ലാസ്സിൽ സിസ്റ്റേഴ്സ് പങ്കെടുത്തു .
- കോതമംഗലം മതിരപ്പിള്ളിയിൽ നിർമ്മാണം ആരംഭിച്ച പുതിയ മഠത്തിന്റെ ശിലാസ്ഥാപനം നടത്തി.
- പൊടിമറ്റം വികാരി പെരിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ ജോർജ് ആലുങ്കലച്ചന്റ നാമഹേതുക തിരുന്നാൾ പൊടിമറ്റം ഭവനത്തിൽ സമുചിതമായി ആഘോഷിച്ചു.
- ഫാദർ അനീഷ് മുണ്ടിയാനിക്കൽ M.S.F.S. നോവിസസിന് പൊടിമറ്റം നോവിഷിയേറ്റ് ഭവനത്തിൽ വച്ച് റിട്രീറ്റ് നടത്തി.
- ഡയാലിസിസിനു വിധേയരാകുന്ന രോഗികൾക്ക് ധനസഹായം നൽകി.
- കോവിഡ് മഹാമാരിക്ക് എതിരായ പ്രതിരോധ പ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു .
- ഭവനങ്ങളിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ചു ആവശ്യമായ സഹായങ്ങൾ നൽകി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- സുജോക്ക് ചികിത്സാരീതിയെപ്പററി ഡോ. ലിനോ സ്കറിയാ യുടെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ക്ലാസ്സിൽ വിവിധ മഠങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ മേജർ സുപ്പീരിയേഴ്സിന്റെ മീററിംഗിൽ ബഹു. സി. മേരി ഫിലിപ്പ് എസ് എച്ച് പങ്കെടുത്തു.

- ബഹു. സി. മേരി ഫിലിപ്പും ടീമംഗങ്ങളും നാമഹേതുക ത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനും, റവ. ഫാ. ജോസഫ് വെള്ളമറ്റത്തില ച്ചനും പാസ്റ്ററൽ സെന്ററിൽ പോയി ആശംസകൾ അറിയിച്ചു.
- ഇടവകയിലെ യുവജനങ്ങളുടെ മാതാപിതാക്കൾക്കായി രൂപതയുടെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടത്തിയ നൈററ് വിജിലിൽ കൂവപ്പള്ളി, പൊടിമററം എന്നിവിടങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- പുതുതായി നിർമ്മിച്ച ആശാനിലയം സ്ക്കൂളിന്റെ വെഞ്ചെരിപ്പു കർമ്മത്തിൽ ബഹു. സി. മേരി ഫിലിപ്പ് പങ്കെടുത്തു.
- വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ സമുചിതമായി ആഘോഷിച്ചു.

## സ്നേഹസ്മരണയ്ക്ക്



**സി. ബെലാർമിൻ കാരുവേലിൽ SH**

ജനനം : 31.01.1935
ആദ്യവ്രതം : 11.04.1957
മരണം : 11.04.2021



**സി. ഹെലൻ CMC**
**മുട്ടത്ത്, ചേനപ്പാടി**

ജനനം : 10.10.1934
ആദ്യവ്രതം : 19.05.1954
മരണം : 28.04.2021

# കെ.സി.എസ്.എൽ.

**സ്വാഗതം**

2021 - 2022 വർഷത്തിൽ വൈദികപരിശീലനത്തിന്റെ ഭാഗമായി റീജൻസി ചെയ്യുവാനായി കെ.സി.എസ്.എൽ. ഡിപ്പാർട്ടുമെന്റ് കുടുംബത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്ന ബ്രദർ നിധിൻ (മാർട്ടിൻ) മഞ്ചാടിയിലിനു കെ.സി.എസ്.എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**നന്ദി**

2020 - 2021 കാലഘട്ടത്തിൽ കെ.സി.എസ്.എൽ. കുടുംബത്തിൽ സ്തുത്യർഹമായ സേവനം ചെയ്ത് റീജൻസി പൂർത്തിയാക്കിയ ബ്രദർ എമിൽ തടത്തിൽപുരയിടത്തിനു കെ.സി.എസ്.എൽ. കുടുംബത്തിന്റെ നന്ദിയും ആശംസകളും.

**ഓൺലൈൻ സമ്മാനങ്ങൾ**

ലോക്ക്ഡൗൺ കാലയളവിലും കഴിഞ്ഞ വർഷത്തിലും നടത്തിയ ഓൺലൈൻ മത്സരങ്ങളുടെ സമ്മാനങ്ങൾ കാഞ്ഞിരപ്പള്ളി കെ.സി.എസ്.എൽ. ഓഫീസിൽ ക്രമപ്പെടുത്തിയിരിക്കുന്നു. ഓരോ സ്കൂളിലെയും കെ.സി.എസ്.എൽ. ആനിമേറ്റേഴ്സ് അത് കളക്ട് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്

# (A.K.C.C.)

**പുതിയ രൂപതാ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ സമിതിയുടെ 2021-24 പ്രവർത്തനവർഷത്തെ ഭാരവാഹികളുടെ സത്യപ്രതിജ്ഞ 18.04.2021, 2.30 pm ന് പാസ്റ്ററൽ സെന്റർ ഹാളിൽ നടത്തി. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സ്വാഗതം ആശംസിച്ചു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, ചങ്ങനാശ്ശേരി അതിരൂപതാ ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ജനറൽ കൺവീനർ ജെയിംസ് പെരുമാക്കുന്നേൽ, സ്വാഗതസംഘം ചെയർമാൻ ബിജു ആലപ്പുരയ്ക്കൽ, കർഷകഫോറം രൂപതാ കോ-ഓർഡിനേറ്റർ സണ്ണിക്കുട്ടി അഴകമ്പ്രായിൽ എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി ജോമി ഡൊമിനിക് കൊച്ചുപറമ്പിൽ (പ്രസിഡന്റ്), അരുൺ ജോസഫ് ആലയ്ക്കാപ്പറമ്പിൽ (ജനറൽ സെക്രട്ടറി), ജോജോ ജോസഫ് തെക്കുംചേരിക്കുന്നേൽ (ട്രഷറർ), റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ജോളി ആന്റണി പുതിയവീട്, ഐസക് ജെയിംസ് വെട്ടിക്കാട്ടിൽ, ജിൻസ് പി. ജെയിംസ് പള്ളിക്കമ്യാലിൽ, ജാൻസി മാത്യു തുണ്ടത്തിൽ, ഷീലാ തോമസ് തൂമ്പുങ്കൽ (വൈസ് പ്രസിഡന്റുമാർ), റെന്നി ജോസഫ് ചക്കാലയിൽ, മനോജ് ജെ. കല്ലുകളം, മിനി സണ്ണി മണ്ണംപ്ലാക്കൽ, ആൻസി സാജൻ പുന്നമറ്റത്തിൽ, സിനി ജിബു നീറനാക്കുന്നേൽ (സെക്രട്ടറിമാർ), സിബി ജോസഫ് നമ്പൂടാകം, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ആൻസമ്മ തോമസ് മടു

ക്കുഴി, സാബു ജോസ് വട്ടോത്ത്, ജോളി ഡൊമിനിക് നെടുംപറമ്പിൽ, ജോർജ് സി. മാത്യു ചിറ്റടിയിൽ, പി.എം. ജോസഫ് പണ്ടാരക്കളം, സാബു ജോസഫ് വെട്ടുവേലിൽ, ടോമിച്ചൻ പാലമുറിയിൽ, ഡെയ്സി ജോർജുകുട്ടി ചീരംകുന്നേൽ, അഡ്വ. ഷൈനി ജോർജ് വളവനാൽ, ബാബു ടി ജോൺ തട്ടാംപറമ്പിൽ, ജെയിംസ് ഡാനിയേൽ രാമനാട്ട് (കേന്ദ്രപ്രതിനിധി സഭാംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു. ഭാരവാഹികൾക്ക് രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സത്യവാചകം ചൊല്ലിക്കൊടുത്തു.

### വെളിച്ചിയാനി ഫൊറോന ഭാരവാഹികൾ

വെളിച്ചിയാനി ഫൊറോനയുടെ 2021-24 പ്രവർത്തനവർഷത്തെ ഭാരവാഹികളായി ജോബിൻ തോമസ് പ്ലാപ്പള്ളിൽ (കാരികുളം) (പ്രസിഡന്റ്), ബിജോ കുറ്റുവേലിൽ (വെളിച്ചിയാനി), ബീനാ സെബാസ്റ്റ്യൻ അരിമറ്റംവയലിൽ - മാങ്ങാപ്പാറ (വൈസ് പ്രസിഡന്റുമാർ), പ്രിൻസ് വെട്ടത്ത് - മാങ്ങാപ്പാറ (ജനറൽ സെക്രട്ടറി), ജോസ് ഫിലിപ്പ് പുളിക്കൽ - പാലമ്പ്ര (ട്രഷറർ), സാറാ അലക്സ് - പാലപ്ര, തോമസ് ചെമ്മരപ്പള്ളിൽ - വെളിച്ചിയാനി (സെക്രട്ടറിമാർ), സെബാസ്റ്റ്യൻ വട്ടക്കുന്നേൽ - പാലമ്പ്ര, സിബി നമ്പൂടാകം - പാലപ്ര, അരുൺ ആലയ്ക്കാപ്പറമ്പിൽ, വെളിച്ചിയാനി, ജോ പന്തലാനിക്കൽ മാങ്ങാപ്പാറ (രൂപതാ പ്രതിനിധികൾ), മാത്യു പന്തലാനിക്കൽ-മാങ്ങാപ്പാറ (മീഡിയാ കോ-ഓർഡിനേറ്റർ), ബിനോയ് പുതിയാപറമ്പിൽ - വെളിച്ചിയാനി, ജോർജ് സെബാസ്റ്റ്യൻ ചെന്നയ്ക്കാട്ടുകുന്നേൽ - കാരികുളം (എക്സി. അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

### റാന്നി ഫൊറോന സമിതി

റാന്നി ഫൊറോന സമിതി ഭാരവാഹികളായി ജിൻസ് പള്ളിക്കമ്യാലിൽ, റാന്നി (പ്രസിഡന്റ്), സിജോ ദേവസ്യാ കല്ലക്കുളത്ത് - പെരുന്തേനരുവി, അഡ്വ. ഷൈനി ജോർജ് വളവനാൽ - പെരുനാട് (വൈസ് പ്രസിഡന്റുമാർ), വക്കച്ചൻ വാക്കയിൽ - റാന്നി (ജനറൽ സെക്രട്ടറി), തോമസ് മാത്യു ഈരൂരിക്കൽ - റാന്നി (ട്രഷറർ), പി.എ. ജോസഫ് പുന്നോലിക്കുന്നേൽ - പ്ലാച്ചേരി (സെക്രട്ടറി), ജെയിംസ്

ഡാനിയൽ രാമനാട്ട് – പെരുന്തേനരുവി (രൂപതാ പ്രതിനിധി), ചാൾസ് വടവുപറമ്പിൽ – റാന്നി, ഇ.ജെ. ജോസഫ് ഈരൂരിക്കൽ – റാന്നി, തോമസുകുട്ടി വലക്കമറ്റം – പ്ലാച്ചേരി (എക്സി., അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

**പൊൻകുന്നം ഫൊറോന സമിതി**

പൊൻകുന്നം ഫൊറോന സമിതിയുടെ 2021–24 വർഷത്തെ ഭാരവാഹികളായി ബിജു തോമസ് ആലപ്പുരയ്ക്കൽ – ഇളങ്ങോയി (പ്രസിഡന്റ്), ജോയ് സി ചെങ്ങളത്തുപറമ്പിൽ – ചെങ്ങളം, സെൽവി വിത്സൻ പതിപ്പള്ളിൽ, എലിക്കുളം (വൈസ് പ്രസിഡന്റുമാർ), ജിമ്മിച്ചൻ മണ്ഡപത്തിൽ – എലിക്കുളം (ജനറൽ സെക്രട്ടറി), ടിന്റു തോമസ് വിറകൊടിയനാൽ – ഇളങ്ങോയി (ട്രഷറർ), ജോബിൻ വടക്കേനാത്ത് – പടനിലം, സൽജു ടോം പാലാപുളിക്കൽ – ചെങ്ങളം (സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു.

**പത്തനംതിട്ട ഫൊറോന സമിതി**

പത്തനംതിട്ട ഫൊറോന സമിതി – ജസ്റ്റിൻ കെ.കെ. കാപ്പാനി പത്തനംതിട്ട (പ്രസിഡന്റ്), സൂസമ്മ സെൽവരാജ് – പേഴുംപാറ (വൈസ് പ്രസിഡന്റ്), സാജുമോൻ കെ.എസ്. കിഴക്കേതിൽ – പേഴുംപാറ (ജനറൽ സെക്രട്ടറി), വത്സമ്മ ഷാജി ചേമ്പാലയിൽ പത്തനംതിട്ട (ട്രഷറർ).

**എരുമേലി ഫൊറോന സമിതി**

ടോമിച്ചൻ ജോസഫ് പാലക്കുടിയിൽ – എരുമേലി (പ്രസിഡന്റ്), മാത്യൂസ് വെട്ടുകല്ലാംകുഴി – പഴയകൊരട്ടി (വർക്കിംഗ് പ്രസിഡന്റ്), ജാൻസി മാത്യു തുണ്ടത്തിൽ – എരുമേലി (വൈസ് പ്രസിഡന്റ്), റോബിൻ ജോ പുളിക്കൽ കൊല്ലമുള (ജനറൽ സെക്രട്ടറി), മനോജ് കല്ലൂക്കുളങ്ങര – എരുമേലി (ട്രഷറർ), ജോസ് ജെ വെട്ടിക്കാട്ട് – എരുമേലി, ഷാജി തോമസ് പ്ലാത്തോട്ടത്തിൽ – കൊല്ലമുള (രൂപതാ പ്രതിനിധികൾ), ജെസി കാവാലം പുതുപ്പറമ്പിൽ – എരുത്വാപ്പുഴ (സെക്രട്ടറി).

**കാഞ്ഞിരപ്പള്ളി ഫൊറോന സമിതി**

കാഞ്ഞിരപ്പള്ളി ഫൊറോനസമിതി ഭാരവാഹികളായി ജോസ് മടുക്കക്കുഴി - ആനക്കല്ല് (പ്രസിഡന്റ്), സജീവ് മുട്ടത്ത് - ചിറക്കടവ്, ബിന്ദു കുര്യാച്ചൻ ചിറയിൻപറമ്പിൽ - കപ്പാട് (വൈസ് പ്രസിഡന്റുമാർ), കെ.കെ. മൈക്കിൾ കിഴക്കേൽ - കത്തീഡ്രൽ, സിനി ബെന്നി പുളിമൂട്ടിൽ - ചേനപ്പാടി, ലിസി ബാബു തെക്കേമുറിയിൽ- കറിക്കാട്ടൂർ, ബാബു ടി. ജോൺ തട്ടാംപറമ്പിൽ - കൂവപ്പള്ളി, ബർക്കുമാൻസ് പൂവത്തുംമൂട്ടിൽ - ചിറക്കടവ് (സെക്രട്ടറിമാർ), സിബി മേക്കരശ്ശേരിൽ - കപ്പാട് (ട്രഷറർ), റെജി കൊച്ചുകരിപ്പാപ്പറമ്പിൽ - കത്തീഡ്രൽ, ജോർജ് സി.മാത്യു ചിറ്റടിയിൽ - ചേനപ്പാടി, ടോമിച്ചൻ പാലമുറിയിൽ - ചിറക്കടവ്, പി.എം. ജോസഫ് പണ്ടാരക്കളം - കത്തീഡ്രൽ (രൂപതാ പ്രതിനിധികൾ), ബേബിച്ചൻ പതാലിൽ - ചേനപ്പാടി (കർഷകഫോറം കോ-ഓർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

**മുണ്ടക്കയം ഫൊറോന**

ടോം സെബാസ്റ്റ്യൻ കുമ്പളന്താനം- നിർമ്മലഗിരി (പ്രസിഡന്റ്), ജോയ് എബ്രാഹം പുളിക്കൽ - വണ്ടൻപതാൽ (ജനറൽ സെക്രട്ടറി), ഷേർളി ജോർജ് നെല്ലിമല - നിർമ്മലഗിരി (വൈസ് പ്രസിഡന്റ്), ജോസ് ചെമ്മാക്കൽ - വണ്ടൻപതാൽ (ട്രഷറർ), സണ്ണി എബ്രഹാം വെട്ടുകല്ലേൽ - കോരുത്തോട് (സെക്രട്ടറി).

**നേർച്ചക്കഞ്ഞി വിതരണം**

കത്തോലിക്കാ കോൺഗ്രസ് വെളിച്ചിയാനി യൂണിറ്റിന്റെ നേതൃത്വത്തിൽ ദുഃഖവെള്ളി ദിനത്തിൽ നേർച്ചക്കഞ്ഞി വിതരണം നടത്തി. ക്രമീകരണങ്ങൾക്ക് യൂണിറ്റ് പ്രസിഡന്റ് ജസ്റ്റിൻ നന്തികാട്ടുപടവിൽ, ബോബി കോഴിമല, അരുൺ ആലയ്ക്കാപ്പറമ്പിൽ, തോമസ് ചെമ്മരപ്പള്ളിൽ, ബിജോ കുറ്റുവേലിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**വനിതാ ഫോറം ഭാരവാഹികൾ**

കത്തോലിക്കാ കോൺഗ്രസ് വനിതാ ഫോറം 2021-24 പ്രവർത്ത

നവർഷത്തെ ഭാരവാഹികളായി ടെസി ബിജു പാഴിയാങ്കൽ - (പ്രസിഡന്റ്), ഡെയ്സി ജോർജുകുട്ടി (വർക്കിംഗ് പ്രസിഡന്റ്), സാറാ അലക്സ് (ജനറൽ സെക്രട്ടറി), ബിന്ദു കുര്യാച്ചൻ ചിറയിൽപറമ്പിൽ (ട്രഷറർ), ക്രിസ്റ്റി ബോബി, ബീനാ ഷാജി അരിമറ്റംവയലിൽ, സുമ ബിനോയ് കൊച്ചുകരിപ്പാപ്പറമ്പിൽ (വൈസ് പ്രസിഡന്റമാർ), ജയാ ജേക്കബ്, ഫിലോമിന റെജി കൊള്ളിക്കുളവിൽ, റെജീന ബോബി, സുമാ മാത്യു നെച്ചുമണ്ണിൽ, ടെസ്സി വർഗീസ് പൂവേലിക്കുന്നേൽ, ജെസി കാവാലം പുതുപ്പറമ്പിൽ, ലൗലി മനോജ് കല്ലുകളം (സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു.

**കോവിഡ് വാക്സിനേഷൻ ക്യാമ്പ്**

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി കത്തോലിക്ക കോൺഗ്രസ് ചെങ്ങളം യൂണിറ്റിന്റെ നേതൃത്വത്തിൽ മുണ്ടൻകുന്ന് പ്രൈമറി ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ 16.04.2021 ൽ ചെങ്ങളം സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പ് നടത്തി. വികാരി ഫാ. വർഗീസ് കുളമ്പള്ളിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിൽ 600-ൽ പരം ആളുകൾക്ക് വാക്സിനേഷൻ നൽകി. യൂണിറ്റ് പ്രസിഡന്റ് ജോയി കുഴിക്കൊമ്പിൽ, രൂപതാ സെക്രട്ടറി റെന്നി ചക്കാലയിൽ, പൊൻകുന്നം ഫൊറോന വൈസ് പ്രസിഡന്റ് ജോയ് സി. ചെങ്ങളത്തുപറമ്പിൽ, അനിൽ ചെരിപുറം, ജോബി കല്ലൂരാത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ഡയാലിസിസ് മെഷ്യന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന് സൗത്ത് ഇൻഡ്യൻ ബാങ്ക് നൽകിയ ഡയാലിസിസ് മെഷ്യന്റെ സ്വിച്ച് ഓൺ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ നിർവ്വഹിച്ചു.

ഫ്രാൻസിസ് പി.ജെ. ഡെപ്യൂട്ടി ജനറൽ മാനേജർ, റീജിണൽ ഓഫീസ് കോട്ടയം, ജോയൽ ജോൺ അസിസ്റ്റന്റ് ജനറൽ മാനേജർ റീജിണൽ ഓഫീസ് കോട്ടയം, റോഷൻ തോമസ് ബ്രാഞ്ച് മാനേജർ കാഞ്ഞിരപ്പള്ളി, ഫാ. സോജി തോമസ് കന്നാലിൽ, ഡയറക്ടർ, എം.എം.റ്റി. ഹോസ്പിറ്റൽ, ഫാ. ദീപു പുത്തൻപുരയ്ക്കൽ അഡ്മിനിസ്ട്രേറ്റർ എം.എം.റ്റി. ഹോസ്പിറ്റൽ എന്നിവർ സന്നിഹിതരായിരുന്നു.

ഇതോടെ 9 മെഷിനുകളോടുകൂടിയ ഡയാലിസിസ് യൂണിറ്റിൽ 50 തോളം രോഗികൾക്ക് ഡയാലിസിസ് നടത്തുന്നു.

**ചാർജ്ജെടുക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ ഡോ. ഷിന്റോ MBBS, MD (General Medicine) മേയ് 15-ാം തീയതി മുതൽ ചാർജ്ജെടുക്കുന്നു.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അസ്ഥിരോഗവിഭാഗത്തിൽ Dr. Adold George MBBS, MS (Ortho)-യുടെ സേവനം മേയ് 15-ാം തീയതി മുതൽ ലഭ്യമാണ്.

→

# ഡി.സി.എം.എസ്.

- ഏപ്രിൽ 4, 11 തീയതികളിൽ ഡി.സി.എം.എസ്. രൂപതാ എക്സിക്യൂട്ടീവ് യോഗം കൂടി.
- സംസ്ഥാന ഇലക്ഷനോടനുബന്ധിച്ചും രൂപത ഇലക്ഷന് ഒരുക്കമായും 3 വർഷകാലാവധി അവസാനിച്ചതുകൊണ്ട് ഡി.സി. എം.എസ്. ഇടവക ഇലക്ഷൻ ഏപ്രിൽ മാസം നടന്നുകൊണ്ടിരിക്കുന്നു. 33 ഇടവകകളിലായിട്ടാണ് ഇപ്പോൾ ഔദ്യോഗികമായ യൂണിറ്റുകൾ പ്രവർത്തിക്കുന്നതും ഇലക്ഷൻ നടക്കുന്നതും.
- കോട്ടയത്തുവച്ചു നടന്ന ഡോ. അംബേദ്കർ ദിനാചരണത്തിലും സംസ്ഥാനനേതാവായിരുന്ന പി.എം. മർക്കോസ് അനുസ്മരണദിനത്തിലും കാഞ്ഞിരപ്പള്ളി രൂപതയിൽനിന്നും ഡി. സി.എം.എസ്. എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

---

## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

അസ്ഥിരോഗവിഭാഗത്തിൽ ഡോ. അരവിന്ദ് മദനൻ MBBS , MS (Ortho) യുടെ സേവനം തുടർന്നും ഹോസ്പിറ്റലിൽ ലഭ്യമാണ്. മുട്ട്, ഇടുപ്പ് മാറ്റിവയ്ക്കൽ, സ്പൈൻ സർജറി, കുട്ടികളിലും മുതിർന്നവരിലുമുള്ള എല്ലു സംബന്ധമായ ജനിതകവൈകല്യങ്ങൾ, സ്പോർട്സ് ഇൻഞ്ചുറീസ് എന്നിവയ്ക്ക് വിദഗ്ദ്ധ ചികിത്സ ഹോസ്പിറ്റലിൽ ലഭ്യമാണ്.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

- 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്റർ അനക്സ് ഹാളിൽ വച്ച് നടന്ന അംബേദ്കർ ദിനാചരണവും പി. എം. മർക്കോസ് ഓർമ്മയാചരണവും സ്കോളർഷിപ്പ് വിതരണവും രൂപതാ വികാരിജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണം പ്ലാക്കലച്ചൻ നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ, പ്രസിഡന്റ്, ഓർഗനൈസർ എന്നിവർ നേതൃത്വം കൊടുത്തു.
- സംസ്ഥാന ഡയറക്ടർ വിളിച്ചുചേർത്ത രൂപതാ ഡയറക്ടർമാരുടെ സമ്മേളനത്തിൽ ഡയറക്ടർ പങ്കെടുത്തു. സൂം മീറ്റിംഗ് ആയിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ ഡി.സി.എം.എസ്. രൂപതാ സംസ്ഥാന ഇലക്ഷൻ നീട്ടി വയ്ക്കുവാൻ K.C.B.C. SC, ST/BC കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജേക്കബ് മുരിക്കൻ പിതാവിനോട് ആവശ്യപ്പെടുവാൻ സംസ്ഥാനഡയറക്ടറെ നിയോഗിച്ചു.
- കോവിഡ് രോഗികളായവർക്കും ക്വാറന്റൈൻ ആയ ഡി.സി.എം.എസ്. കുടുംബാംഗങ്ങൾക്കും വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുവാൻ യൂണിറ്റ് പ്രസിഡന്റുമാർക്ക് നിർദ്ദേശങ്ങൾ നല്കുകയും അവർ അത് ചെയ്തുവരുകയും ചെയ്യുന്നു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

KCBC SC/ST/BC കമ്മീഷന്റെ നിർദ്ദേശപ്രകാരം കോവിഡ് പശ്ചാത്തലത്തിൽ മേയ് മാസം നടത്താനിരുന്ന DCMS സ്റ്റേറ്റ് ഇലക്ഷനും രൂപത ഇലക്ഷനും മാറ്റിവെച്ചിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള രൂപതാ സ്റ്റേറ്റ് സമിതികൾക്ക് ആറു മാസത്തേക്ക് കൂടി പ്രവർത്തന സമയം നീട്ടിക്കൊടുത്തിരിക്കുന്നു.



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾ പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി, ഈസ്റ്റർ ദിനങ്ങളിലെ എല്ലാ തിരുക്കർമ്മങ്ങളിലും അതാത് ഇടവകാ ദൈവാലയങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു തന്നെ പങ്കെടുത്തു.

രൂപതാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമനയുടെ നേതൃത്വത്തിൽ ചോറ്റി നിർമ്മലരാം ഭാതൃത്വം മലയാറ്റൂർ തീർത്ഥാടനം നടത്തി. മലയാറ്റൂർ ദൈവദാൻ അഗതിമന്ദിരം സന്ദർശിക്കുകയും അഗതിമന്ദിരത്തിന് സാമ്പത്തികസഹായം നൽകുകയും ചെയ്തു.

ഇപ്പോഴത്തെ പ്രത്യേകസാഹചര്യത്തിൽ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ പാലിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ പ്രത്യേക മെസേജിലൂടെ രൂപതാ ഡയറക്ടർ എല്ലാ അംഗങ്ങളേയും ഓർമ്മിപ്പിച്ചു.

കോവിഡ് മഹാമാരിയുടെ ഇന്നത്തെ ഈ അവസ്ഥയ്ക്ക് ശാന്തതരണമേ എന്ന് ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കുവാനും ഏപ്രിൽ മാസം 23-ാം തീയതി വെള്ളിയാഴ്ച ഒരു നേരത്തെ ഭക്ഷണം ത്യജിച്ചു ഉപവസിക്കുവാനുമുള്ള രൂപതാ നേതൃത്വത്തിന്റെ നിർദ്ദേശം പാലിച്ച് ഏപ്രിൽ 23-ന് എല്ലാ അംഗങ്ങളും ഉപവസിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി.

കോവിഡ് മഹാമാരി ശക്തി പ്രാപിക്കുന്ന ഈ അവസരത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ആളുകളേയും, കുടുംബങ്ങളേയും അഗതിമന്ദിരങ്ങളേയും അനാഥമന്ദിരങ്ങളേയും സഹായിക്കേണ്ട ഉത്തരവാദിത്വവും കടമയും നമുക്ക് ഉണ്ട് എന്ന് രൂപതാ നേതൃത്വം എല്ലാ അംഗങ്ങളേയും ഓർമ്മപ്പെടുത്തി.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

നേരത്തെ അറിയിച്ചിരുന്നതുപോലെ, കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നമ്മുടെ കോൺഫ്രൻസുകൾ മുടക്കം കൂടാതെ കൂടുന്നതിന് തീരുമാനിച്ചിരുന്നതാണല്ലോ. എന്നാൽ ഇപ്പോഴത്തെ മാറിയ സാഹചര്യത്തിൽ പിന്നെയും കോവിഡ് ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ നാം മുമ്പത്തെക്കാളും ജാഗരൂകരാകേണ്ടിയിരിക്കുന്നു. സിസി മീറ്റിംഗുകളും എസി സമ്മേളനങ്ങളും മാറ്റി വയ്ക്കേണ്ടതായ സാഹചര്യമാണ് ഇപ്പോഴുള്ളത്. കോൺഫ്രൻസ് മീറ്റിംഗുകൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തേണ്ടതാണ്. ഭവന സന്ദർശനങ്ങൾ തൽക്കാലം മാറ്റി വയ്ക്കേണ്ടിയിരിക്കുന്നു. കോൺഫ്രൻസുകൾ തയ്യാറാക്കി വച്ചിരിക്കുന്ന വാർഷിക റിപ്പോർട്ടും കണ ക്കുകളും ഇനിയും എസികളിൽ എത്തിക്കാത്തവർ എസി പ്രസിഡന്റുമാരെ കഴിയുന്നതും നേരത്തെ ഏല്പിക്കേണ്ടതാണ്. എസികൾ ക്രോഡീകരിച്ച കണക്കുകൾ അറിയിക്കുന്ന മുറയ്ക്ക് സിസിയിൽ എത്തിക്കേണ്ടതാണ്. എല്ലാം പെട്ടെന്ന് നേരെയായി വരുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

കെആർസിസി മാർച്ച് മാസത്തിൽ ഓൺലൈനായി നടത്തിയ വാർഷിക മീറ്റിംഗിൽ സിസി പ്രസിഡന്റ് എം.എം.ജോർജ്ജും, വനിതാ സമ്മേനത്തിൽ സിസി വനിതാ പ്രതിനിധികളായ ഇത്തമ്മ ഫിലിപ്പ്, കൊച്ചുറാണി ആൻണി എന്നിവരും, യൂത്ത് സമ്മേളനത്തിൽ ജൂബി തോമസും പങ്കുചേരുകയുണ്ടായി.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

കോവിഡ് പകർച്ചവ്യാധി അതിരൂക്ഷമായി പടർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇനിയും ഒരറിയിപ്പുണ്ടാകുന്നതുവരെ തമ്പലക്കാട് ധ്യാനകേന്ദ്രത്തിൽ ലഹരിവിമോചനധ്യാനം ഉണ്ടായിരിക്കുന്നതല്ല.

**ജീസസ് ഫ്രട്ടേണിറ്റി**

പെസഹാ തിരുനാളിനോടനുബന്ധിച്ച് മാർച്ച് 31-ാം തീയതി ബുധനാഴ്ച കോട്ടയം ജില്ലാ ജയിൽ സന്ദർശിച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ജയിൽ വാസികൾക്കുവേണ്ടി വി. കുർബാനയർപ്പിക്കുകയും ഹൃദയസ്പർശിയായ സന്ദേശം നൽകുകയും ചെയ്തു. ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാനഡയറക്ടർ റവ. ഫാ. ഷാജി സ്റ്റീഫൻ, കോട്ടയം സോൺ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം, അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി റവ. ഫാ. ജോസഫ് ചക്കുംമൂട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു. റീജൻസി ബ്രദേഴ്സ് ജിറ്റോ ആക്കാട്ടും ജസ്റ്റിൻ മണിമലയും ചേർന്ന് എല്ലാക്കാര്യങ്ങളും ക്രമീകരിക്കുകയും ഹൃദ്യമായ സംഗീതാലാപനത്തിലൂടെ സജീവമായ പങ്കാളിത്തത്തിലേക്ക് ഏവരേയും നയിക്കുകയും ചെയ്തു. കുമ്പസാരിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചവർക്ക് അതിനുള്ള സൗകര്യം ഒരുക്കി. നിറകണ്ണുകളോടെയാണ് എല്ലാവരും വിശുദ്ധ ബലിയിൽ സംബന്ധിച്ചത്. വി. കുർബാനയ്ക്കുശേഷം പെസഹാ അപ്പം മുറിച്ച് അഭിവന്ദ്യ പിതാവു തന്നെ ഏവർക്കും വിത

രണം ചെയ്തു. തുടർന്ന് ജയിൽ സൂപ്രണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ പിതാവ് ഓക്സിജൻ ഗ്രൂപ്പിന്റെ സഹായത്തോടെ 30000 ത്തോളം രൂപ മുടക്കി വാങ്ങിയ പ്രൊജക്ടർ, സ്ക്രീൻ ബോർഡ് എന്നിവ ജയിലധികൃതർക്ക് കൈമാറി. കൂടാതെ ജയിലിൽ പുരുഷന്മാർക്കും, സ്ത്രീകൾക്കും വേണ്ടി ഓരോ ഇൻഡക്ഷൻ കുക്കർ വാങ്ങുന്നതിനുവേണ്ടിയുള്ള പണം കാഞ്ഞിരപ്പള്ളി അമലാപ്രോവിൻസിലെ സി. ജോവാൻ സി.എം.സി. ജയിൽ സൂപ്രണ്ടിനെ ഏല്പിച്ചു. ഹൃദയം നിറഞ്ഞ സന്തോഷത്തോടെ സൂപ്രണ്ട് ഏവർക്കും നന്ദിയർപ്പിച്ചു. സിസ്റ്റേഴ്സ് കൊണ്ടുവന്ന വട്ടയപ്പം തുടങ്ങിയ മധുരപലഹാരങ്ങൾ എല്ലാവർക്കും വിതരണം ചെയ്തു. CMC, FCC, SABS, SH കോൺഗ്രിഗേഷനുകളിൽ നിന്നുള്ള പത്തോളം സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യസഹകരണങ്ങൾ എല്ലാറ്റിനും സജീവത നൽകി.

ഏപ്രിൽ 5-ാം തീയതി പൊൻകുന്നം ജയിൽ സന്ദർശിച്ചു. ബഹു. സെബാസ്റ്റ്യൻ പെരുനിലംഅച്ചൻ ബോധവത്ക്കരണക്ലാസ് നടത്തി. എല്ലാ കോൺഗ്രിഗേഷനിൽ നിന്നുമുള്ള സിസ്റ്റേഴ്സ് പരിപാടികളിൽ പങ്കെടുക്കുകയും മധുരപലഹാരവിതരണം നടത്തുകയും ചെയ്തു.

ഏപ്രിൽ 9-ാം തീയതി പീരുമേട് ജയിൽ സന്ദർശിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം ക്ലാസ് നയിച്ചു. എസ്.എച്ച്. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണപരിപാടികളും മധുരപലഹാരവിതരണവും നടത്തി. സി.എം.സി., എഫ്.സി.സി., എസ്.എ.ബി.എസ്. സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

**പുത്തൻപുസ്തകം**

1. **Dear papa St. Joseph (English): Obiya Jolly**
   പേജ്: 76/ വില: 150/ പതിപ്പ്:1

തിരുക്കുടുംബത്തിന്റെ കാവൽക്കാരൻ... ദൈവികദർശനങ്ങൾ വിശ്വസിച്ച നീതിമാൻ... ദൈവികപദ്ധതികൾക്ക് ആമ്മേൻ പറഞ്ഞ ധീരവിശ്വാസി... ദൈവപുത്രന്റെ വളർത്തുപിതാവ്... മൗനവ്രതക്കാരൻ... സഭയുടെയും കുടുംബത്തിന്റെയും സംരക്ഷകൻ.... നമ്മുടെ പിതാവായ മാർ യൗസേപ്പ്പിതാവിന്റെ ലഘുജീവചരിത്രം. കുട്ടികൾക്ക് വായിച്ചു മനസ്സിലാക്കാവുന്നവിധം ലളിതമായ ഇംഗ്ലീഷ് ഭാഷാശൈലിയിൽ ആകർഷകമായ ചിത്രാവിഷ്കാരത്തോടെ അണിയിച്ചൊരുക്കിയിരിക്കുന്നു. ആഗോളസഭ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുന്ന അവസരത്തിൽ എല്ലാവർക്കും വിശിഷ്യ കുട്ടികൾക്ക് ഒരുത്തമസമ്മാനം!

2. **വിശുദ്ധർ- ഡ്രോയിംഗ്സ്**

കുട്ടികൾക്ക് വരയിലൂടെ, കളറിംഗിലൂടെ വിശുദ്ധരെ മനസ്സിലാക്കാനും കൂട്ടുകൂടാനും വിശുദ്ധിയിലാകാനും ഉപകരിക്കുന്ന കളറിംഗ് ബുക്കുകൾ. ഓരോ വിശുദ്ധരുടെയും ജീവിതത്തിലെ ജനനം മുതൽ മരണംവരെയുള്ള നിർണായകനിമിഷങ്ങൾ സുന്ദരമായ ചിത്രകലയിൽ. കുട്ടികൾക്ക് കളറിംഗിലൂടെ ആസ്വദിക്കാനും മനസ്സിലാക്കാനും സമ്മാനിക്കുവാനും സൂക്ഷിക്കുവാനും ഉതകുന്ന രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. കുട്ടികൾക്ക് നൽകുവാൻ ഉത്തമസമ്മാനം!

→

# Special Care Homes & Charitable Institutions

ചൈൽഡ് ലൈനിൽ ഈ മാസം പത്തോളം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. അഞ്ചു കേസ് CWC – ക്ക് തുടർ നടപടികൾക്ക് ആയി നൽകി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

---

## വിമല പബ്ലിക്കേഷൻസ്

**പണിപ്പുരയിൽ**

1. വിറക് : ബ്രദർ അനീഷ് മാളിയേക്കൽ
2. ഹൃദയതാളം : ഫാ. ജിപ്സൺ
3. നാടകങ്ങൾ (സാമൂഹികം ആദ്ധ്യാത്മികം): വിൻസെന്റ് ആനിക്കാട്
4. കുടിയേറ്റം : റ്റോമി സിറിയക്

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 4,97,450/- രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

കരുണാപുരം, മുണ്ടക്കയം, അഴങ്ങാട്, നെറ്റിത്തൊഴു, മണിപ്പുഴ, കറിക്കാട്ടൂർ, കാരികുളം, കൊല്ലമുള, പെരുവന്താനം, പാറത്തോട്, തരകനാട്ടുകുന്ന്, തച്ചപ്പുഴ, പുളിങ്കട്ട, രാമക്കൽമേട്, വിഴിക്കത്തോട്, വലിയതോവാള, ചെല്ലാർകോവിൽ, കട്ടപ്പന, കൂവപ്പള്ളി, പനച്ചേപ്പള്ളി, ഇടക്കുന്നം, ചെങ്കൽ എന്നീ സ്ഥലങ്ങളിലുള്ള നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 72,50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 24,41,948/- രൂപ ചിലവഴിച്ചു.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 2,94,640/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകു

ന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചില വുകൾക്കായി 3,80,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷ കരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധ തിക്കായി 10,17,653/- രൂപ ഈ മാസം ചിലവഴിച്ചു.

**ക്ഷീരകർഷകർക്ക് ഇൻസെന്റീവ്**

കോവിഡ് മഹാമാരി മൂലം ദുരിതമനുഭവിക്കുന്ന ക്ഷീരകർഷ കർക്ക് ആശ്വാസമായി 15,38,600/- രൂപാ ധനസഹായമായി നൽകി.

**തേനീച്ച വളർത്തൽ പ്രോത്സാഹന പദ്ധതി**

തേനീച്ച കർഷകർക്ക് ഇൻസെന്റീവായി 13,10,390/- രൂപ നൽകി.

**മലനാട് ജീവകാരുണ്യപദ്ധതി - 'കരുതൽ'**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ ജീവകാരുണ്യ പദ്ധതിയിലേക്ക് 4,45,500/- രൂപ ഈ മാസം ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

**Export:** മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ജർമനിയിലേക്ക് 1 ഉം, USA യിലേക്ക് 3 കൺസൈൻമെന്റ് നടന്നു.

**ഓഡിറ്റ്**

2020-2021 സാമ്പത്തിക വർഷത്തിലെ VDC, Fedaration, SHG Audit- കൾ നടന്നുവരുന്നു.

**ഹൈടെക് കോഴിക്കൂട് വിതരണം ചെയ്തു**

സ്വയം സഹായ സംഘങ്ങലിലെ അംഗങ്ങൾക്ക് വരുമാന ദായക പദ്ധതികൾ കണ്ടെത്തുന്നതിന്റ ഭാഗമായുള്ള ഹൈടെക് കോഴിക്കൂടുകൾ 43 എണ്ണം മുണ്ടക്കയം, കാഞ്ഞിരപ്പള്ളി, കുമളി, കട്ടപ്പന, റീജിയനുകളിലെ വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു .

**KSBDC and Fedaral Bank Loan**

പിന്നോക്ക വികസന കോർപ്പറേഷനിൽ സമർപ്പിച്ച രണ്ടുകോടി രൂപയുടെ വായ്പ അപേക്ഷയിൽ, ലഭ്യമായ 50 ലക്ഷം രൂപ പത്തനംതിട്ട റീജിയനിലെ സ്വയംസഹായ സംഘങ്ങളിൽ നൽകുകയുണ്ടായി.

കൂടാതെ ഫെഡറൽ ബാങ്കിൽ നിന്നും ലഭ്യമായ രണ്ടു കോടി രൂപ പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളിലായി വിതരണം ചെയ്തു.

**Eshakti പദ്ധതി**

നബാർഡ് വിഭാവനം ചെയ്ത SHG യുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായുള്ള Eshakti പ്രൊജക്ടിൽ ഏപ്രിൽ മാസത്തെ കണക്കുകൾ സാധാരണപോലെ അപ്ഡേറ്റ് ചെയ്തു

**വന ജ്യോതിസ്**

**Project on strengthening indigenious communities in Kerala**

**KKS/BMZ/PDS-Vanajyothis 2020_2023**

**പ്രോജക്ട് ഏറിയ**: കോഴിമല, കണ്ണംപടി, എരിത്വപുഴ, കൊമ്പുകുത്തി ട്രൈബൽ കോളനികൾ.

**Completed Activities:**

1. വെൽ റീചാർജ്: 2
2. വെൽ renovation: 6
3. Stone Bund: 66502
4. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്: 4
5. ഗള്ളി പ്ലഗിഗ്: $50m^3$

6: NTFP. Kit:35

**ജൂബിലി ആഘോഷിച്ചു**

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ സ്ഥാപകനായ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ ജൂബിലി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർമാരായ ഫാദർ ജിൽസൺ ജെയിംസ് കുന്നത്ത്പുരയിടം, ഫാദർ ബ്രിജേഷ് പുറ്റുമണ്ണിൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങൾ എല്ലാവരും ചേർന്ന് ആഘോഷിക്കുകയും പിതാവിന് ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**യാത്രയയപ്പ് നല്കി**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ നീണ്ട 30 വർഷക്കാലം സേവനമനുഷ്ഠിച്ച ശ്രീ. സാബുവിനും, ശ്രീ. ബിനോയ്ക്കും പി ഡി എസ് ഡയറക്ടേഴ്സിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽവച്ചു യാത്രയയപ്പ് നൽകുകയുണ്ടായി.

**ഒറിയൻറ്റേഷൻ ട്രെയിനിംഗ് നടത്തി**

കാഞ്ഞിരപ്പള്ളി റീജിയണിലെ ചേനപ്പാടിയിൽ പുതിയ യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ ട്രെയിനിംഗ് നടത്തി.

**കർഷക ഉത്പാദക സംഘം**

കേന്ദ്ര ഗവൺമെൻറിന്റെ കാർഷിക പദ്ധതിയായ കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് നബാർഡും, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനും സഹകരിച്ച് ഇടുക്കി, കോട്ടയം, വയനാട് ജില്ലകളിലായി 7 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കാർഷിക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരമായി. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.


**സാമ്പത്തിക സഹായങ്ങൾ**

പി ഡി എസ് ഫാമിലി കെയർ പ്രോഗ്രാം വഴിയായും വിവിധ കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ: വരുമാനദായക പ്രവർത്തനങ്ങൾക്കായി 1,98,083/- രൂപയും വിദ്യാഭ്യാസ സഹായം ആയി 183443/- രൂപയും ഭവന നിർമ്മാണത്തിനായി 595000/- രൂപയും, ചികിത്സാ സഹായമായി 134964/- രൂപയും, ചാരിറ്റി സംഭാവനയായി 3600/- രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 32 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ഏപ്രിൽ 2021**

1 കത്തീഡ്രലിൽ പെസഹാതിരുനാളിനോടനുബന്ധിച്ചു തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

2 കത്തീഡ്രലിൽ പീഡാനുഭവവെള്ളിയുടെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

3 കത്തീഡ്രലിൽ വലിയശനിയുടെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു

4 കത്തീഡ്രലിൽ ഉയിർപ്പുതിരുനാളിന്റെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു

5 നസ്രാണിപുരം ഇടവകയിൽ സെന്റ് അഗസ്റ്റിൻസ് ഹോസ്പിറ്റലിന്റെ നവീകരിച്ച പുതിയ ബ്ലോക്കിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

6 നല്ല സമറായൻ ആശ്രമത്തിന് ലഭിച്ച പുതിയ ആംബുലൻസ് വെഞ്ചരിച്ചു.

7 കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്ന വൈദിക ദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

9 LRC യുടെ വെബിനാറിൽ പങ്കെടുത്തു.

10 കാഞ്ഞിരപ്പള്ളി കർമ്മലീത്താമഠത്തിൽ ജൂബിലിയോടനുബന്ധിച്ച് കുർബാന അർപ്പിച്ച് സന്ദേശം നൽകി.

11 സ്വരാജ് ഇടവകയിൽ പുതിയതായി നിർമ്മിച്ച സൺഡേസ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവഹിച്ചു.

12 പൊടിമറ്റം FCC പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- കൂവപ്പള്ളി ഇടവകയിൽ നിര്യാതയായ സി. ബെല്ലർമിൻ SH-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

13 വൈദിക പരിശീലനത്തിന്റെ അവസാന ഘട്ടത്തിൽ ആയിരിക്കുന്ന മൂന്ന് പേർക്ക് കപ്പാട് ബെനഡിക്റ്റൻ ആശ്രമത്തിൽ വച്ച് മ്ശംശാനപ്പട്ടം നല്കി.

- പുഞ്ചവയൽ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഒരു കുഞ്ഞിന് മാമ്മോദീസ നൽകി.

- കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ ബഹുമാനപ്പെട്ട ജേക്കബ് പാണ്ടിയാംപറമ്പിൽ അച്ചന്റെ നിര്യാതനായ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദേവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

14 പരേതനായ ജോസ് തെക്കേലച്ചന്റെ മരണവാർഷിക ത്തോടനുബന്ധിച്ചു വഞ്ചിമല ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും തുടർന്നു ഒപ്പിസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

15 പാസ്റ്റർ സെന്ററിൽ വച്ച് 'DARE' ന്റെ എക്സിക്യൂട്ടീവ് ബോർഡ് മീറ്റിംഗ് കൂടി.

17 കുമളി സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് ദിവ്യകാരുണ്യ ആരാധന സന്യാസിനി സഭയിലെ ഒരു നോവിസിന്റെ സഭാവസ്ത്രസ്വീകരണവും പ്രഥമ വ്രതവാഗ്ദാനവും നടത്തി

18 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് A.K.C.Cയുടെ പുതിയ എക്സിക്യൂട്ടീവ് ഭാരവാഹികളുടെ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി.

19 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന PWA യുടെ മീറ്റിംഗിൽ പങ്കെടുത്തു.

20 കോട്ടയം VC കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന Synaxis -ൽ പങ്കെടുത്തു സന്ദേശം നൽകി.

21 പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

- MMT ഹോസ്പിറ്റലിൽ പുതിയ ഡയാലിസിസ് മെഷീന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു

22 പൊടിമറ്റം സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന നാലു നോവിസസിന്റെ പ്രഥമ വ്രതവാഗ്ദാന കർമ്മങ്ങളിലും സഭാവസ്ത്ര സ്വീകരണത്തിലും മുഖ്യ കാർമികത്വം വഹിച്ചു.

23 പരേതനായ ബഹുമാനപ്പെട്ട ഫാ. ജോസഫ് പുത്തൻ കടുപ്പിലിന്റെ മരണ വാർഷികത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

25 അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദേവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

26 പൊൻകുന്നം ഇടവകയിൽ നിര്യാതനായ ജോസ് വട്ടകാവുങ്കലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

29 പൊടിമറ്റം S.H. Provincial House-ൽ വച്ചു തിരുഹൃദയസന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനവും നിത്യവ്രതവാഗ്ദാനവും നടത്തി.

- പൊടിമറ്റം ഇടവകയിൽ CMC പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പരേതയായ സിസ്റ്റർ ഹെലൻ CMC മുട്ടത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

- സൂം കോൺഫ്രൻസിലൂടെ എപ്പാർക്കിയൽ കൺസൾട്ടേഴ്സിന്റെയും ഫൈനാൻസ് കൗൺസിലിന്റെയും സംയുക്തസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

30 L.R.C യുടെ വെബിനാറിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ
## ഏപ്രിൽ 2021

1 പൊൻകുന്നം ഹോളിഫാമിലി ഫൊറോനാ ദൈവാലയത്തിൽ പെസഹാത്തിരുനാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2 ഇഞ്ചിയാനി ഹോളിഫാമിലി ദൈവാലയത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3 കുമളി സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ വലിയ ശനിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

4 റാന്നി ഇൻഫന്റ് ജീസസ് ഫൊറോനാ ദൈവാലയത്തിൽ ഉയിർപ്പു തിരുന്നാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

6 ചെങ്ങന്നൂർ സെന്റ് ജോസഫ് മലങ്കര ദൈവാലയത്തിൽ വച്ചു നടന്ന പത്തനംതിട്ട മലങ്കര രൂപതാംഗമായ ബഹു. ജോൺ ചക്കുലേടത്തച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

7 കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്ന പ്രീസ്റ്റ് ഡേയിൽ പങ്കെടുത്തു.

8 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

10 വടവാതൂർ സെന്റ് തോമസ് ഇടവകയിലെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് ആഘോഷമായ ദിവ്യകാരുണ്യസ്വീകരണവും സ്ഥൈര്യലേപനകൂദാശയും നൽകി.

11 അമ്പൂരി സെന്റ് മേരീസ് ഇടവകയിൽ സെന്റ് ജോസഫ് വർഷാചരണത്തോടനുബന്ധിച്ചും പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ചും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

- പരേതയായ റവ. സിസ്റ്റർ ബെലാർമിൻ SH ന്റെ മൃതസംസ്കാരശുശ്രൂഷയുടെ പ്രാരംഭകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- കത്തീഡ്രൽ ഇടവകയിൽ പരേതനായ മാത്യു പാണ്ടിയാംപറമ്പിലിന്റെ ഭവനത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

14 വഞ്ചിമല സെന്റ് ആന്റണീസ് ഇടവകയിൽ ബഹു. ജോസ് തെക്കേലച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 കുമളി സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

18 പൊടിമറ്റം SH പ്രൊവിൻഷ്യൽ ഹൗസിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിനുവേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

19 കണ്ണിമല സെന്റ് ജോസഫ് ദൈവാലയത്തിൽ പരേതനായ തൊമ്മച്ചൻ പഴയതോട്ടത്തിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– കത്തീഡ്രൽ ഇടവകയിൽ പരേതനായ മാത്യു തോമസ് കൊല്ലംകുളത്തിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 ആനിക്കാട് സെന്റ് മേരീസ് ഇടവകയിൽ പരേതനായ ബോബി മാത്യുവിനോടുള്ള (റോസ് ഗാർഡൻ റസിഡൻസി പീരുമേട്) ആദരസൂചകമായി പീരുമേട് സെന്റ് മേരീസ് ഇടവകയിൽ ക്രമീകരിച്ച അനുശോചന കൂട്ടായ്മയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

– സീറോമലബാർ സഭ അല്മായ ഫോറം സെക്രട്ടറി ആയിരുന്ന അന്തരിച്ച അഡ്വ. ജോസ് വിതയത്തിന്റെ അനുസ്മരണാർത്ഥം ഓൺലൈനായി നടത്തിയ പ്രാർത്ഥനാശുശ്രൂഷയിലും അനുസ്മരണസമ്മേളനത്തിലും പങ്കെടുത്തു.

24 പൊടിമറ്റം CMC പ്രൊവിൻഷ്യൽ ഹൗസിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിനു വേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

29 പോത്തുപാറ സെന്റ് ജൂഡ് കുരിശുപള്ളിയിൽ സിയന്നായിലെ വി. കത്രീനാ പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– കുമളി അട്ടപ്പള്ളം സെന്റ് തോമസ് ഫൊറോനപള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## May - 2021

| Date | Programme | Place | Time |
|---|---|---|---|
| 1 | Jubilee Qurbana | SABS Provincial House | 6:45 am |
| - | Marian College Governing body meeting | Online | 2:30 pm |
| - | House blessing | Erumely | 3:30 pm |
| - | Pithruvedi Inauguration | Online | 7:00 pm |
| - | Zoom meeting with SMCA Kuwait | Online | 10:00 pm |
| 2 | Marriage | Cathedral | 12:00 pm |
| 4 | Monthly recollection for priests of Melbourn | Online | 7:30 am |
| - | Baptism | Kattapanna | 4:30 pm |
| 8 | Webinar | Online | 6:30 pm |
| 9 | Holy Qurbana | Inchiyany | 10:00 am |
| 10 | Zoom meeting | Online | 10:30 am |
| 11 | Minor Order | Kappadu | 6:30 am |
| 12 | Priest Conference | Online | 11:30 am |
| 14 | Minor order | Nallathanni | 6:30 am |
| 15 | Marriage | Puthenkoratty | 11:00 am |
| 16 | Qurbana | Nazareth Ashram Chenkallu | 7:30 am |
| 22 | Church Consecration | Seethathodu | 2:00 pm |
| 23 | Qurbana | SH Convent Pala | 10:00 am |
| 29 | Betrothal | Mundakayam | 11:30 am |



വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച്
വി. യൗസേപ്പിതാവിന്റെ ജീവിതത്തെ ആസ്പദമാക്കി
കാഞ്ഞിരപ്പള്ളി
അമലയുടെ
ബിഗ് ബഡ്ജറ്റ് നാടകം
വിശുദ്ധ
യൗസേപ്പിതാവിന്റെ
ജീവിതത്തെ
പ്രമേയമാക്കുന്ന
മലയാളത്തിലെ
ആദ്യ പ്രൊഫഷണൽ
നാടകം.
അപ്പൻ
THE PROTECTOR
HEAMANTHKUMAR ● Fr. JOSEPH KOCHUVEETTIL ● RAJESH IRULAM
Fr. JOSE KALLUKALAM . REJI GOPINATH ANIL MALA
VIJAYAN KADAMBERI .VAKKOM MAHEEN
SIBI AMABALAPPURAM . BINDY ANGAMALI
94475 64084, 094463 79275
Amala Communications, Pastoral Centre, Kanjirapally

# 2021 മേയ് ഉയിർപ്പുകാലം - ശ്ലീഹാക്കാലം

| | | |
|---|---|---|
| 1 | ശനി | 1 കോറി. 14:20-25, മർക്കോ. 6:1-6 |
| 2 | ഞായർ | ✠ ഉയിർപ്പ് അഞ്ചാം ഞായർ<br>ഏശ. 49:7-13, ശ്ലീഹ. 9:1-9,<br>ഹെബ്രേ. 10:19-25, യോഹ. 21:1-14 |
| 3 | തിങ്കൾ | 1 പത്രോ. 4:12-19, ലൂക്കാ 11:29-32 |
| 4 | ചൊവ്വ | യാക്കോ. 1:22-27, മത്താ. 21:18-22 |
| 5 | ബുധൻ | കൊളോ. 3:5-11, യോഹ. 3:1-8 |
| 6 | വ്യാഴം | ഹെബ്രാ 3:7-13, യോഹ. 5:24-29 |
| 7 | വെള്ളി | 1 കോറി. 2:1-5, മത്താ. 15:10-20 |
| 8 | ശനി | ഹെബ്രാ. 7:11-17, യോഹ. 15:26-16:4 |
| 9 | ഞായർ | ✠ ഉയിർപ്പ് ആറാം ഞായർ<br>ഏശ. 52:7-12, ശ്ലീഹ. 10:9-16,<br>എഫേ. 2:11-22, യോഹ. 17:20-26 |
| 10 | തിങ്കൾ | 1 പത്രോ. 2:1-5, മത്താ. 23:23-28 |
| 11 | ചൊവ്വ | 2 പത്രോ. 3:10-13, മർക്കോ. 13:32-37 |
| 12 | ബുധൻ | എഫേ. 5:1-5, യോഹ. 15:11-17 |
| 13 | വ്യാഴം | 1 തിമോ. 2:1-7, ലൂക്കാ. 24:44-53 |
| 14 | വെള്ളി | ഫിലി. 3:12-15, യോഹ. 3:31-36 |
| 15 | ശനി | 1 കോറി. 7:32-35, മത്താ. 3:7-12 |
| 16 | ഞായർ | ✠ ഉയിർപ്പ് ഏഴാം ഞായർ<br>ഏശ. 6:1-13, ശ്ലീഹ. 1:15-26,<br>ഫിലി. 2:1-11, മർക്കോ. 16:14-20 |
| 17 | തിങ്കൾ | 2 തെസ. 2:13-17, യോഹ. 4:3-15 |
| 18 | ചൊവ്വ | 1 കോറി. 8:8-13, ലൂക്കാ 12:13-21 |
| 19 | ബുധൻ | 1 യോഹ. 4:12-21, യോഹ. 17:1-5 |
| 20 | വ്യാഴം | 1 യോഹ. 1:1-3, ലൂക്ക 14:25-35 |
| 21 | വെള്ളി | 1 യോഹ. 2:22-25, മത്താ. 24:7-14 |
| 22 | ശനി | 1 കോറി. 9:13-18, മത്താ. 18:23-35 |
| 23 | ഞായർ | ✠ ശ്ലീഹാ ഒന്നാം ഞായർ<br>പുറ. 19:-1-9; ശ്ലീഹ. 2:1-13,<br>1 കോറി. 12:1-11, യോഹ. 16:5-15 |
| 24 | തിങ്കൾ | 1 കോറി. 14:26-33, മത്താ. 11:25-30 |
| 25 | ചൊവ്വ | 2 തെസ. 1:3-12, മത്താ. 20:29-34 |
| 26 | ബുധൻ | 1 കോറി. 11:31-34a., മത്താ. 13:31-35 |
| 27 | വ്യാഴം | ഹെബ്രാ 8:7-13, യോഹ. 2:13-25 |
| 28 | വെള്ളി | 1 കോറി. 12:31-13:13, ലൂക്കാ 7:11-23 |
| 29 | ശനി | 1 കോറി. 12:12-20, യോഹ. 6:25-29 |
| 30 | ഞായർ | ✠ ശ്ലീഹാ രണ്ടാം ഞായർ<br>ജോയേ. 2:18-26, ശ്ലീഹ. 4:8-22,<br>1 കോറി. 6:1-11, ലൂക്കാ. 7:36-50 |
| 31 | തിങ്കൾ | ഫിലി. 3:16-21, യോഹ. 3:16-21 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654